# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1/44/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/02/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1/44/22 തീയ്യതി: 02/02/2022

## കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-02-2020 മുതൽ 06-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) | 06-01-2022 | 15-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-01-2022 | 15-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഗിരീശൻ പാറപ്പൊയിൽ (എ.ഒ )
ശ്രീ. എം.കരുണാകരൻ (എ.ഒ)
ശ്രീ.എൻ.രാജീവൻ (സീ.ഗ്രേ.ഓഡിറ്റർ)
ശ്രീ.കെ.കെ. വിജേഷ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.യശോദ, തെങ്ങിട | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷിജു.എൽ.എൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| വിദ്യ.പി | കൃഷി ഓഫീസർ | 01-04-2019 | 06-01-2020 |
| ഷെൽജ.എ.പി | കൃഷി ഓഫീസർ | 06-01-2020 | 31-03-2020 |
| ഡോ.സുബീഷ്.പി.എം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സജീഷ്.ടി | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 01-04-2019 | 18-07-2019 |
| ഡോ.ദീപ്തി.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 19-07-2019 | 31-03-2020 |
| പുഷ്പ.ടി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 04-12-2019 |
| രാജലക്ഷ്മി.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-12-2019 | 31-03-2020 |
| ഗ്രേഷ്യൻ.പി.ടി | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| റാഷിദ.പി | വി.ഇ.ഓ | 01-04-2019 | 16-11-2019 |
| ലജന.എം.എം | വി.ഇ.ഓ | 30-11-2019 | 31-03-2020 |
| രാജൻ.ഒ.എം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2019 |
| രമേഷ് ബാബു | ഹെഡ് മാസ്റ്റർ | 01-06-2019 | 31-03-2020 |
| ജെസിതാ റാണി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഷബീന.കെ.പി | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| രെഞ്ചു സുരേന്ദ്രൻ | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സ്മിത.ഇ.ജെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 29-05-2019 |
| അഷിത.എ.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-05-2019 | 31-03-2020 |
| ഡോ.ദീപ്തി.ജി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1 |
| 2 | മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കണ്ടതിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-1 |
| 3 | വാർഷിക പദ്ധതിയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-2 |
| 4 | സർക്കാർ ഗ്രാന്റുകൾ -വരുമാനം പൂർണ്ണമായും ബജറ്റിൽ ഉൾക്കൊള്ളിച്ചില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-3 |
| 5 | തൊഴിലുറപ്പ് പദ്ധതി- ആക്ഷൻ പ്ലാനും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-4 |
| 6 | തനത് ഫണ്ട് വകയിരുത്തലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-5 |
| 7 | പ്രതീക്ഷിച്ചതും യഥാർത്ഥത്തിലുള്ളതും തമ്മിൽ വൻ അന്തരം<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-6 |
| 8 | എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-1-7 |
| 9 | വാർഷിക ധനകാര്യപത്രിക<br>Written By: M.Karunakaran (Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-2 |
| 10 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-2-1 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.Karunakaran (Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-3 |
| 12 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-4 |
| 13 | വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-5 |
| 14 | ക്ഷേമ പദ്ധതികൾ<br>Written By: M.Karunakaran (Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 31-01-2022) | 1-6 |
| 15 | സാമൂഹ്യ സുരക്ഷാ പെൻഷൻ സംമ്പന്ധിച്ച അപാകതകൾ<br>Written By: Vijesh K.K (Auditor, On 17-01-2022) | 1-6-1 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 01-02-2022) | |
| 16 | ക്യാഷ് പരിശോധന വിവരം<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-7 |
| 17 | രസീറ്റ് പിരിവിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-8 |
| 18 | വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-9 |
| 19 | വസ്തു നികുതി കണക്കാക്കിയതിലെ അപാകത - പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 02-02-2022) | 1-10 |
| 20 | അനധികൃത നിർമ്മാണ നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 02-02-2022) | 1-11 |
| 21 | മുഴവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-12 |
| 22 | സ്ട്രീറ്റ് ലൈറ്റുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടും സ്ട്രീറ്റ് രജിസ്റ്റർ തയ്യാറാക്കിയില്ല<br>Written By: Vijesh K.K (Auditor, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-13 |
| 23 | ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-14 |
| 24 | അങ്കണവാടികളുടെ നവീകരണം-നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു<br>Written By: Gireeshan Parappoyil (Audit Officer (HG), On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-15 |
| 25 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ-നടത്തിപ്പിന് വരുമാനത്തിൽ കവിഞ്ഞ ചെലവ്<br>Written By: Gireeshan Parappoyil (Audit Officer (HG), On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-16 |
| 26 | MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-17 |
| 27 | പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-18 |
| 28 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022) | 1-19 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 01-02-2022) | |
| 29 | പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ ലഭിച്ച സ്ഥാപനം ടാങ്ക് വിതരണം ചെയ്തില്ല<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-20 |
| 30 | ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല.<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-21 |
| 31 | വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-22 |
| 32 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-23 |
| 33 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-24 |
| 34 | കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - തുക ചെലവഴിച്ചെങ്കിലും സർട്ടിഫിക്കേഷൻ ലഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-25 |
| 35 | ഡെപ്പോസിറ്റ് വർക്ക് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-26 |
| 36 | കുടുംബാരോഗ്യ കേന്ദ്രത്തിന് കുഴൽക്കിണർ - തുക ചെലവഴിച്ചെങ്കിലും വെള്ളം ലഭിച്ചില്ല<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-27 |
| 37 | റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു<br>Written By: N. Rajeevan (Senior Grade Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-28 |
| 38 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുക കൈമാറി കമ്പ്യൂട്ടർ ലഭിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-29 |
| 39 | ഒ.ഡി എഫ് -രണ്ടാം ഘട്ടം -അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-30 |
| 40 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ - K.S.E.B. യിൽ അധികതുക അടവാക്കിയതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-31 |

| | | |
|---|---|---|
| 41 | വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ ഗുണഭോക്തൃ ലിസ്ററിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-32 |
| 42 | കുടിവെള്ള വിതരണം -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-33 |
| 43 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-34 |
| 44 | ലൈഫ് ഭവനപദ്ധതിയിൽ ഇടമില്ല- അർഹതയുള്ള കുടുംബത്തിന് പ്രത്യക പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-35 |
| 45 | ഫ്രണ്ട് ഓഫീസ് ഫർണീച്ചർ, ടോക്കൺ മെഷീൻ വാങ്ങൽ പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചു.<br>Written By: M.Karunakaran (Audit Officer, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 1-36 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ - പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം<br>Written By: M.Karunakaran (Audit Officer, On 17-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Vijesh K.K (Auditor, On 15-01-2022)<br>Last Updated By: Vasudevan M (Deputy Director, On 01-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

30.3.2020 -ലെ തീരുമാനം 2 പ്രകാരം അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക ബജറ്റ് പ്രകാരം ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ 118883391/- രൂപയാണ്. ആകെ ചെലവ് 116853754/- രൂപയും നീക്കിയിരിപ്പ് 2029637/- രൂപയുമാണ്. ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ബജറ്റ് രേഖകളും മറ്റ് പ്രസക്തമായ വിവരങ്ങളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

### 1-1-1 മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കണ്ടതിൽ അപാകത

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനപ്പെടുത്തിയ 2017-18 വർഷത്തെ യഥാർത്ഥ മുന്നിരിപ്പ്, മേൽ വർഷത്തെ കണക്കുകൾ പ്രകാരമുള്ള തുകയല്ലെന്ന് കാണുന്നു. 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലെ ആസ്തികളായ B15, B17 എന്നീ ഹെഡ്ഡുകളിലെ ആകെ തുകയിൽ നിന്നും ബാധ്യതകളായ B2, B4, B7, B9 എന്നീ ഹെഡ്ഡുളിലെ ആകെ തുക കുറച്ച് കിട്ടുന്ന തുകയാണ് 2017-18 വർഷത്തെ യഥാർത്ഥ മുന്നിരിപ്പായി സ്വീകരിക്കേണ്ടത്. 2016-17 വർഷത്തെ നീക്കിയിരിപ്പ് വാർഷിക കണക്കുകൾ പ്രകാരം താഴെ പറയുന്നതാണ്.

| ബാധ്യത | | ആസ്തി | |
|---|---|---|---|
| B2 | 0 | B15 | 46,158 |
| B4 | 69,09,328 | B17 | 2,99,91,264 |
| B7 | 4,24,264 | | |
| B9 | 1,03,38,705 | | |
| ആകെ | 1,76,72,297 | | 3,00,37,420 |

യഥാർത്ഥ മുന്നിരിപ്പ് -12365123/- (30037420-17672297)

യഥാർത്ഥ മുന്നിരിപ്പ് മേല്പറഞ്ഞ പ്രകാരം 12365123/- രൂപയായിരിക്കെ ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത് 14095380/-രൂപയാണ്. 1730257/- രൂപയുടെ ആധിക്യം മുന്നിരിപ്പിലുണ്ടായതായി

കാണാം. ലഭ്യമല്ലാത്ത മേല്പറഞ്ഞ തുക ബജറ്റിൽ കാണിച്ചതിലൂടെ ബജറ്റ് എസ്റ്റിമേറ്റ് തെറ്റായ വരുമാനം കാണിക്കുന്നതിന് ഇടയാക്കിയതായി കാണാം.

1-1-2 വാർഷിക പദ്ധതിയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

BS9 പ്രകാരമുള്ള വാർഷിക പദ്ധതികൾക്കുള്ള റവന്യൂ ചെലവുകൾക്കും BS12 പ്രകാരമുള്ള മറ്റു മൂലധന ചെലവുകൾക്കും ആകെ വകയിരുത്തിയിരിക്കുന്നത് 12,85,85,480/- രൂപയാണ്. ഇതിൽ 6,60,00,000/- രൂപയുടെ ചെലവുകൾ വിഭാവനം ചെയ്തത് എൻ ആർ ഇ ജി എസ് പദ്ധതി തുക വകയിരുത്തിയ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളും ആസ്തി നിർമ്മാണ പ്രവർത്തനങ്ങളുമാണ്. ഇവ വാർഷിക പദ്ധതിയുടെ ഭാഗമല്ല. മേൽ തുക കഴിച്ച് 62585480/- രൂപയാണ് (128585480- 66000000) വാർഷിക പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്നാൽ 24.12.18ന് ഡി പി സി അംഗീകാരം ലഭിച്ച വാർഷിക പദ്ധതി 53585480/- രൂപയുടേത് മാത്രമാണ്. 9000000/- രൂപ (62585480 -53585480) പദ്ധതിയ്ക്കായി വകയിരുത്തിയത് എന്താവശ്യത്തിനാണെന്ന് വ്യക്തമാക്കപ്പെട്ടില്ലെന്ന് കാണാം. സ്പിൽഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 14.6.19-ന് വാർഷിക പദ്ധതി ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയപ്പോൾ പദ്ധതി അടങ്കൽ 7.41 കോടി രൂപയുടേതായി ഉയർന്നു. ഇത് ബജറ്റ് പ്രൊവിഷനേക്കാൾ 1.15 കോടി രൂപ (7.41-6.26) കൂടുതലായിരുന്നെങ്കിലും അതിനനുസൃതമായി ബജറ്റ് പുതുക്കിയില്ല. ഇത് കൊണ്ട് തന്നെ 16.3.2020ൽ ബജറ്റ് പുതുക്കുന്നതു വരെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക വിനിയോഗിച്ചിരിക്കുന്നത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് കാണാം.

വർഷാവസാനമാകുമ്പോഴേക്കും വാർഷിക പദ്ധതി 165 പ്രോജക്ടുകൾ ഉൾപ്പെടുന്ന 9.76 കോടി വകയിരുത്തിയ പദ്ധതിയായി മാറിയിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജറ്റ് പ്രകാരം വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക 7.63 കോടി രൂപ മാത്രമാണ്. അതായത് 2.13 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിരിക്കുന്നത് ബജറ്റ് പ്രൊവിഷനില്ലാതെയാണെന്ന് വ്യക്തമാകുന്നു.

1-1-3 സർക്കാർ ഗ്രാന്റുകൾ -വരുമാനം പൂർണ്ണമായും ബജറ്റിൽ ഉൾക്കൊള്ളിച്ചില്ല

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിൽ ആകെ 42010000/- രൂപയാണ് സ്ഥാപനത്തിന് സംസ്ഥാന ബജറ്റു പ്രകാരം അനുവദിച്ചത്. എന്നാൽ സ്ഥാപനത്തിന്റെ ബജറ്റിൽ BS4, BS7 എന്നീ ഷെഡ്യൂളുകളിലായി ഈ ഗ്രാന്റിനങ്ങളിൽ ആകെ പ്രതീക്ഷിച്ച വരുമാനം 40517000/- രൂപ മാത്രമാണ്. (ഇതേ തുക തന്നെയാണ് അംഗീകരിച്ച വാർഷിക പദ്ധതിയ്ക്കും വകയിരുത്തിയിരിക്കുന്നത്.) ഗ്രാന്റിനങ്ങളിലെ ബജറ്റ് വിഹിതം മുൻകൂട്ടി അറിഞ്ഞിട്ടും ബജറ്റിൽ 14.93 ലക്ഷം രൂപയുടെ പ്രതീക്ഷിത

വരുമാനം കുറഞ്ഞതായി കാണാം.

14.6.19-ന് വാർഷിക പദ്ധതി ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയപ്പോൾ മേൽ ഗ്രാന്റിനങ്ങളിൽ 4.83 കോടി രൂപ വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിനനുസൃതമായ പുതുക്കൽ ബജറ്റിൽ വരുത്താത്തതിനാൽ ബജറ്റിൽ പ്രതീക്ഷിച്ച വരുമാനം 4.05 കോടിയായി തന്നെ തുടർന്നതായി കാണാം.

വർഷാവസാനമാകുമ്പോഴേക്കും മേൽ ഗ്രാന്റിനങ്ങളിൽ 4.94 കോടി രൂപ വാർഷിക പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ 16.3.2020-ൽ ബജറ്റ് പുതുക്കിയപ്പോൾ 4.19 കോടി രൂപമാത്രമാണ് ഈ ഗ്രാന്റിനങ്ങളിലെ വരുമാനം പ്രതീക്ഷിച്ചിരിക്കുന്നത്.

1-1-4 തൊഴിലുറപ്പ് പദ്ധതി- ആക്ഷൻ പ്ലാനും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയ്ക്കായി BS 4, BS 7 ഷെഡ്യൂളുകൾ പ്രകാരം 6.6 കോടി രൂപയാണ് വരുമാനമായി സ്ഥാപനം പ്രതീക്ഷിച്ചത്. ഇതേ തുകയ്ക്കുള്ള ചെലവുകൾ BS 9, BS 12 ഷെഡ്യൂളുകൾ പ്രകാരം പ്രതീക്ഷിച്ചിട്ടുമുണ്ട്. എന്നാൽ ഭരണസമിതി 13.11.18 തീയതിയിൽ അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം 5.33 കോടിയുടെ പ്രവൃത്തികൾ മാത്രമാണ് തൻവർഷം നടത്താൻ ഉദ്ദേശിച്ചതെന്ന് കാണുന്നു. ആക്ഷൻ പ്ലാൻ ബജറ്റിന് മുമ്പ് തന്നെ അംഗീകരിച്ചിട്ടും ഇതിനേക്കാൾ ഉയർന്ന തുക ബജറ്റിൽ വകകൊള്ളിച്ചതിന് കാരണം വ്യക്തമല്ല.

1-1-5 തനത് ഫണ്ട് വകയിരുത്തലും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുകയായ 5040000/- രൂപ തന്നെയാണ് തനത് ഫണ്ടിന്റെ കാര്യത്തിൽ ബജറ്റ് പ്രൊവിഷനിൽ കാണിച്ചിരിക്കുന്നത്. എന്നാൽ വർഷവസാനം ബജറ്റ് പുതുക്കിയപ്പോൾ 1.3 കോടിയുടെ പ്രൊവിഷനായി ഇത് മാറിയെങ്കിലും 89.7 ലക്ഷം രൂപ മാത്രമാണ് വാർഷിക പദ്ധതിക്ക് വർഷാവസാനം വകയിരുത്തിയിട്ടുള്ളൂ. 40 ലക്ഷത്തോളം രൂപ വിനിയോഗിക്കുന്നതിന് പദ്ധതികൾ ഇല്ലെന്ന് കാണാം.

1-1-6 പ്രതീക്ഷിച്ചതും യഥാർത്ഥത്തിലുള്ളതും തമ്മിൽ വൻ അന്തരം

വിവിധ വരവ് ചെലവ് ഹെഡ്ഡുകളുടെ കാര്യത്തിൽ പ്രതീക്ഷിച്ച തുകയും യഥാർത്ഥ തുകയും തമ്മിൽ വൻ അന്തരം നിലനില്ക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | ഹെഡ്ഡ് | ബജറ്റ് | യഥാർത്ഥ |
|---|---|---|---|

| | | പ്രൊവിഷൻ | തുക |
|---|---|---|---|
| 1 | നികുതി വരുമാനം | 9500000 | 6007016 |
| 2 | നികുതിയേതിര വരുമാനം | 2725000 | 1313806 |
| 3 | ജനറൽ പർപ്പസ് ഗ്രാന്റ് | 10340000 | 11664756 |
| 4 | BS 8 | 22235000 | 11567975 |

മിക്ക ഇനങ്ങളുടേയും കാര്യത്തിൽ പ്രതീക്ഷിത വരവിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് യഥാർത്ഥത്തിൽ വന്നിരിക്കുന്നത്. ക്രമ നമ്പർ മൂന്നിന്റെ കാര്യത്തിൽ യഥാർത്ഥ വരവിനേക്കാൾ കുറഞ്ഞ തുകയാണ് ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത്. ഇത് ബജറ്റ് പുതുക്കുന്നതു വരേയും ക്രമീകരിക്കപ്പെട്ടില്ല.

1-1-7 എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.ഇത് കൊണ്ട് തന്നെ ബജറ്റ് അപൂർണ്ണമാണെന്ന കാണാം.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 22.05.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ പഞ്ചായത്തിന്റെ വാർഷിക കണക്കുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1)ബാങ്ക് റീക്കൺസിലിയേഷനുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) കെ.ഡി.സി. ബാങ്ക് നടുവണ്ണൂർ ലെ A/C നം 100441201200001 ൽ ലഭ്യമാക്കിയ റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 11742730/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ

നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് (B17) 11179299/- രൂപയാണ്.

3) വാർഷിക കണക്ക് പ്രകാരം 2019-20 വർഷം പലിശയിനത്തിലെ ആകെ വരവ് 43396/- രൂപയാണ്. 2015 സെപ്റ്റമ്പറിന് ശേഷം കെ.ഡി.സി. ബാങ്ക് നടുവണ്ണൂർ ലെ സേവിഗസ് A/C നം 10044120120001 ൽ (തനത് ഫണ്ട്) നിന്നും പലിശ ഇനത്തിൽ തുക ഒന്നും തന്നെ ക്രഡിറ്റ് വന്നിട്ടില്ല. ഇത് കാണിച്ച് ബാങ്കിന് പഞ്ചായത്ത് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 10-02-2021 ന് 1137512/- രൂപ ബാങ്ക് പലിശയായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ കൃത്യമായ സ്റ്റേറ്റ്മെന്റ് ബാങ്ക് ലഭ്യമാക്കിയിട്ടില്ല.

4) കെ.ഡി.സി. ബാങ്ക് നടുവണ്ണൂർ ലെ A/C നം 10044120120001 ലെ മൂന്ന് മാസം കഴിഞ്ഞ 10 ചെക്കുകൾ സാമ്പത്തിക വർഷാവസാനം സ്റ്റേൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5)സെക്രട്ടറിയുടെ പേരിൽ ഉള്ളിയേരി KGB -യിൽ ഭവനനിധി എന്ന പേരിലുള്ള A/Cനം 40162100112309ൽ 2019-20ൽ 115033/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) എല്ലാ ദിവസവും ഡെ ബുക്കും ക്യാഷ് ബുക്കും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8) സ്റ്റോക്ക് രജിസ്റ്റർ ഐറ്റം വൈസ് ആയി ഇൻഡക്സ് എഴുതിയല്ല തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

9) ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയത് വർക്ക് ഷീറ്റ് തയ്യാറാക്കാതെയാണ്.

10) വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിക്കാൻ ബാക്കിയുള്ളതായി 870355/- രൂപയാണുള്ളത്. എന്നാൽ ബലൻസ് ഷീറ്റിലെ B17 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ജോയിൻറ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 2398934/- രൂപ കാണുന്നു.

11) വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B17 സ്റ്റേറ്റ്മെന്റ് പ്രകാരം റീജ്യണൽ കോ ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂരിലെ A/C നം 7522ൽ SSA ഫണ്ട് ഇനത്തിൽ നീക്കിയിരിപ്പായി 1001897/- രൂപ കാണുന്നു. ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും ഈ തുക 2013-14 മുതൽ നീക്കിയിരിപ്പായി തുടരുന്നതാണ് എന്ന് കാണുന്നു. നീക്കിയിരിപ്പ് തുകയ്ക്ക് പലിശ വരവ് മാത്രമാണ് ഓഡിറ്റ് പിരീഡ്

വരെയും ഈ അക്കൗണ്ടിൽ വരവായി വന്നിരിക്കുന്നത്. SSA ഇനത്തിലെ നീക്കിയിരിപ്പ് തുക ഏത് പദ്ധതിക്കായി വന്നതാണെന്ന് വ്യക്തമാക്കേണ്ടതും തിരിച്ചടയ്ക്കാനുള്ളതാണെങ്കിൽ വ്യക്തത വരുത്തി തിരിച്ചടയ്ക്കേണ്ടതുമാണ്. പിശോധിച്ച് മറുപടി നൽകുക.

12) പഞ്ചായത്ത് മത്സ്യമാർക്കറ്റ് ലേലം 2019-20ൽ 14600/- രൂപയക്കാണ് നൽകിയിരിക്കുന്നത്. തുക മുഴുവൻ ഈടാക്കിയിട്ടുണ്ടെങ്കിലും 4000/- രൂപ ഡെപ്പോസിറ്റ് ആയി 27-06-2019-ൽ ഈടാക്കിയത് തനത് വർഷത്തെ ലേല ഹെഡിലേയക്ക് വന്നിട്ടില്ല.

13) തെങ്ങിൽ നിന്നും മേലാദായം എടുക്കുന്നതിന് ലേലം ചെയ്ത വകയിൽ 3000/-രൂപയും, അങ്കണവാടിയിലെ പഴയ ഓട് ലേലം ചെയ്ത വകയിൽ 1850/- രൂപയും ഈടാക്കിയത് ലേല ഹെഡിൽ വന്നിട്ടില്ല.

14) 2019-20 -ൽ തൊഴിൽരഹിത വേതനം നൽകിയ വകയിൽ 245520/- രൂപയും വിധവകളുടെ പെൺമക്കളുടെ വിവാഹം ധനസഹായം നൽകിയ ഇനത്തിൽ 120000/- രൂപയും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ വാർഷിക കണക്കിലെ വരവ് ചെലവിൽ ഇൾപ്പെട്ടിട്ടില്ല.

15) പഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

16) ശ്രീ.ഷാജി (ക്ലാർക്ക്) യ്ക്ക് 2019 സെപ്റ്റമ്പറിൽ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ 15000/- രൂപയിൽ 12000/- രൂപ 17/07/2020 നാണ് പഞ്ചായത്തിൽ തിരിച്ചടവാക്കിയത്. എന്നാൽ ഇതിന് പിഴ ഈടാക്കിയിട്ടില്ല. കൂടാതെ ശ്രീ.പ്രശാന്ത് കുമാർ (ഹെഡ് ക്ലാർക്ക്) ന് 2019 സെപ്റ്റമ്പറിൽ നൽകിയ ഓണം ഫെസ്റ്റിവൽ അഡ്വാൻസിൽ 1000/- രൂപ ഓഡിറ്റ് പിരീഡ് വരെയും ഈടാക്കിയിട്ടില്ല.

17. നടുവണ്ണൂർ SBI ബാങ്കിൽ എ.ഇ യുടെ പേരിലെ A/c No. 15181 ൽ ഇ-ടെണ്ടർ ഫീ ഇനത്തൽ ലഭ്യമായ 181520/- രൂപ (07-12-2021 തീയതി പ്രകാരം) നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ഓഡിറ്റ് പിരീഡ് വരെയും പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/19-20 തീ.14-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25399201.67 |

| | |
|---|---|
| വരവ് | 70821147 |
| ആകെ | 96220348.67 |
| ചെലവ് | 68806397 |
| നീക്കിയിരിപ്പ് | 27413951.67 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 11704163 | 11704163 | 11279712 | 424451 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 7505471 | 7505471 | 65933988 | 911483 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 124000 | 124000 | 69000 | 55000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7590000 | 7590000 | 2435194 | 5154806 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3809000 | 3809000 | 2365120 | 1443880 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9925447 | 9925447 | 4163648 | 5761799 |
| എംജിഎൻആർ ഇജിഎസ് (ഭരണ ചെലവ്) | 55516 | 1647944 | 1703460 | 906693 | 796767 |
| എംജിഎൻആർ ഇജിഎസ് (തൊഴിലാളികളുടെ കൂലി) | 0 | 48123256 | 48123256 | 48123256 | 0 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-

2019-20 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ പ്രകാരം 12559124/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ ചെലവ് എ.സി.ആർ പ്രകാരം 11279712/- രൂപയാണ്.

2) ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് എസ്.സി.പി പ്രകാരം 6667517/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ ചെലവ് എ.സി.ആർ പ്രകാരം 6593988/- രൂപയാണ്.

2)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്- ജനറൽ ഉത്പാദനം | 3271630 | 6566710 |
| സേവനം | 11058769 | 38236993 |

| | | |
|---|---|---|
| പശ്ചാത്തലം | 1160985 | 1654056 |
| വികസനഫണ്ട്-എസ്.സി.പി. ഉത്പാദനം | 580000 | 3660000 |
| വികസനഫണ്ട്-എസ്.സി.പി (സേവനം) | 6539773 | 34322023 |
| വികസനഫണ്ട്-ടി.എസ്.പി. സേവനം | 69000 | 138000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് Un Tied(സേവനം) | 4204392 | 4258792 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 4017697 | 4511737 |

## 1-5 വാർഷിക പദ്ധതി - ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകതകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 165 | 97630036 | 101 | 47274195 |

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച 51.8ലക്ഷം രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു .

115 പ്രോജക്ടുകൾ ഉൾപ്പെടുന്ന 5.36 കോടി അടങ്കൽ വരുന്ന വാർഷിക പദ്ധതിക്കാണ് 24.12.18 ന് ഡി പി സി അംഗീകാരം നല്കിയത്. സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 14.6.19ന് പദ്ധതി ഭേദഗതി വരുത്തി അംഗീകാരം വാങ്ങിയപ്പോൾ 158 പദ്ധതികൾ ഉൾക്കൊള്ളുന്നതും 7.41 കോടി അടങ്കൽ വരുന്നതുമായ വാർഷിക പദ്ധതയായി ഇത് മാറി. പിന്നീട് വന്ന ഭേദഗതികൾ ഉൾപ്പടെ വർഷാവസാനമാകുമ്പോഴേക്കും മേല്പറഞ്ഞ പ്രകാരം 165 പ്രോജക്ടുകളുള്ള 9.76 കോടി അടങ്കൽ വരുന്ന വാർഷിക പദ്ധതിയാണ് സ്ഥാപനത്തിനുണ്ടായിട്ടുള്ളത്. വകയിരുത്തിയ തുകയിൽ നിന്നും 4.73 കോടി രൂപമാത്രമാണ് സ്ഥാപനത്തിന് വിനിയോഗിക്കാനായത്. ഇത് മൂലം വകയിരുത്തിയതിൽ അവശേഷിച്ച 5.03 കോടി രൂപ നഷ്ടപ്പെടുകയോ വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു. പ്രധാനമായും സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റിനങ്ങളിലാണ് തുക നഷ്ടമായിരിക്കുന്നത്. താഴെ പറയും പ്രകാരം 51.8 ലക്ഷം രൂപ ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമനം | ഫണ്ടിനം | വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക | സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവഴിച്ച തുക | നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 4-5 |
| 1 | പ്ലാൻ ഫണ്ട് | 15491384 | 12985000 | 12559124 | 425876 |
| 2 | എസ് സി പി | 8431229 | 7579000 | 6667517 | 911483 |
| | ടി എസ് പി | 124000 | 124000 | 69000 | 55000 |
| 3 | സി എഫ് സി | 11684000 | 9923000 | 4163648 | 5759352 |
| 4 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 9094500 | 7590000 | 2435194 | 5154806 |

| | | | | | |
|---|---|---|---|---|---|
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) | 4547697 | 3809000 | 2365120 | 1443880 |
| ആകെ | | 49372810 | 42010000 | 28259603 | 13750397 |

എന്നാൽ 2018-19 വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 1049610/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽപ്പെടുന്നുണ്ട്. കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

| ക്രമ നം | ഫണ്ടിനം | ക്യൂ ബിൽ തുക |
|---|---|---|
| 1 | Cfc | 4492536 |
| 2 | പ്ലാൻ ഫണ്ട് ജനറൽ | 1096222 |
| 3 | പ്ലാൻ ഫണ്ട് Scp | 385000 |
| | പ്ലാൻ ഫണ്ട് Tsp | 55000 |
| 4 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 159495 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 3430930 |
| ആകെ | | 9619183 |

ഇത് പരിഗണിക്കുമ്പോൾ ആകെ നഷ്ടം 5180834/- രൂപയുണ്ടെന്ന് കാണാം ( (13750397+ 1049610)- 9619183)

<u>ബി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി</u>

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി അവ കരട് പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം.

ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി പി സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങളല്ലാതെ മറ്റ് പ്രോജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരമുള്ളവയെല്ലെന്നും (കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷന് 3എ (ബി) പ്രകാരം ആസൂത്രണത്തിന്റെ ചുമതല ഗ്രാമസഭകൾക്കാണ്) കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിന്റ വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി രേഖയും അന്തിമ ചെലവ് പത്രികയും പരിശോധിച്ചതിൽ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടാത്ത പദ്ധതികൾ വാർഷിക പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് മേഖലയിൽ 50 പ്രോജക്ടുകളും മറ്റെല്ലാ മേഖലകളിലും കൂടി 50 പ്രോജക്ടുകളും കൂടി ആകെ 100 പ്രോജക്ടുകളാണ് വികസന സെമിനാറിൽ അവതരിപ്പിക്കപ്പെട്ട കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ ആകെ 165 പ്രോജക്ടുകളുള്ളതിൽ 133 എണ്ണവും പുതിയ പ്രോജക്ടുകളാണെന്ന് അന്തിമ ചെലവ് പത്രിക സാക്ഷ്യപ്പെടുത്തുന്നു. കരട് പദ്ധതി രേഖയിലെ പ്രോജക്ട് നിർദ്ദേശങ്ങളും അന്തിമ ചെലവ് പത്രികയിലെ പുതിയ പ്രോജക്ടുകളും തമ്മിൽ 33 എണ്ണത്തിന്റെ വ്യത്യാസമാണ് ഉള്ളതെങ്കിലും കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട 25 പ്രോജക്ട് നിർദ്ദേശങ്ങൾക്ക് വാർഷിക പദ്ധതിയിൽ പ്രോജക്ട് ഇല്ലാത്തതിനാൽ ആകെ 58 പ്രോജക്ടുകൾ (33+25) കരട് നിർദ്ദേശങ്ങൾക്ക് പുറത്ത് നിന്നാണെന്ന് കാണാം. നിയമം ലംഘിച്ച് കൊണ്ട് 58 പ്രോജക്ടുകൾ എങ്ങിനെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടെന്നും, ഇവയുടെ ആവശ്യകതയും മുൻഗണനയും നിശ്ചയിക്കപ്പെട്ടത് ഏത് മാനദണ്ഡമനുസരിച്ചാണെന്നും വ്യക്തമാക്കേണ്ടതാണ്. ഈ പ്രോജക്ടുകൾക്ക് പിന്നീട് ഗ്രാമസഭകളുടെ അംഗീകാരം വാങ്ങിയോയെന്നകാര്യവും വിശദമാക്കുക. കൂടാതെ വികസന സെമിനാറിൽ അവതരിപ്പിക്കപ്പെട്ട 25 നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടാത്തതിനുള്ള കാരണവും വ്യക്തമാക്കേണ്ടതാണ്. മോഹനൻ, കഴക്കോട്ട് എന്നവരുടെ പരാതിയിൻമേൽ, എടോത്ത് താഴ മുതൽ പെരുന്തോട്ട് താഴ വരെയുള്ള നടവരമ്പ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻറെ എച്ച് ആർ എം പി നമ്പർ 5058/18 തീ.12/02/19 ഉത്തരവ് നടപ്പിലാക്കുന്നതിന് വടകര റവന്യൂ ഡിവിഷണൽ ഓഫീസർ

13/05/2019 തീയ്യതിയിലെ ബി-2347/2018 നമ്പർ പ്രകാരം അയച്ച കത്ത് 17.06.2019 തീയതിയിലെ ഭരണസമിതി പരിഗണിച്ചപ്പോൾ, വാർഡ് ഗ്രാമസഭയിൽ പ്രസ്തുത വഴി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള ആവശ്യം ഉൾപ്പെടുന്ന പക്ഷം 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 3(1),10(1) പ്രകാരം നിയമാനുസൃത നടപടി സ്വീകരിച്ച് ഫണ്ട് ലഭ്യതക്കനുസരിച്ച് അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താമെന്നാണ് തീരുമാനിച്ചിരിക്കുന്നത് എന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്.

<u>സി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല</u>

ഓഡിറ്റ് വർഷത്തിൽ 23 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5 എണ്ണം പുതിയ പ്രോജക്ടുകളാണ്. കൂടാതെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 29.1.2018 ലെ 11/2018/തസ്വഭവ നമ്പർ ആസൂത്രണമാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ ഇത് സംബന്ധിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല.

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു. കരുവണ്ണൂർ ഗവൺമെൻറ് യു.പി സ്കൂളിന് ഗെയ്റ്റ് ഇല്ലാത്തതിനാൽ സ്കൂളിൽ രാത്രി കാലങ്ങളിലും അവധി ദിവസങ്ങളിലും സാമൂഹ്യ വിരുദ്ധരുടെയും തെരുവ് നായ്ക്കളുടെയും ശല്യം ഉണ്ടാകുന്നുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് സുരക്ഷിതമായ ഒരു ഗെയ്റ്റ് സ്ഥാപിക്കണമെന്നുമുള്ള ഹെഡ്മാസ്റ്ററുടെ അപേക്ഷ 03.02.2020 തീയതിയിൽ ഭരണസമിതി ചർച്ച ചെയ്യുതും തനത് ഫണ്ട് വിനിയോഗിച്ച് ഗേറ്റ് സ്ഥാപിക്കാൻ തീരുമാനിച്ചതും (തീരുമാന നമ്പർ 16) മെയിന്റനൻസ് പ്ലാനിന്റെ അഭാവത്തിലാണെന്ന് കാണാം. നടുവണ്ണൂർ പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ ചുമരുകൾ വൃത്തികേടായ അവസ്ഥയിലാണെന്നും, അമിതമായ ചൂട് കാരണം

കുട്ടികൾക്ക് അങ്കണവാടികളിൽ ഇരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്നും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ യോഗത്തെ അറിയിച്ചതിനെ തുടർന്ന് തനത് ഫണ്ട് വിനിയോഗിച്ച് പെയിന്റിംഗ് നടത്താനും ഫാൻ വാങ്ങാനും 6.5.19 ലെ എട്ടാം നമ്പർ പ്രകാരം തീരുമാനം കൈക്കൊണ്ടതും മെയിന്റനൻസ് പ്ലാനിന്റെ അഭാവത്തിൽ സൃഷിക്കപ്പെട്ട മറ്റൊരു സ്ഥിതി വിശേഷമാണ്. (എം.എസ്) 11/2018/തസ്വഭവ തീയതി 29/01/2018 പ്രകാരമുള്ള അവശേഷിക്കുന്ന വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7(2) പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമരൂപം നല്കുന്നതിനു മുമ്പ് ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കണമെന്നും മേൽ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും ഇതേ ഉത്തരവിലെ ഖണ്ഡിക 6.7(8) ൽ വിശദമാക്കിയിട്ടുമുണ്ട്. ഘടക സ്ഥാപന മേധാവികൾക്ക് അവരുടെ മെയിന്റനൻസ് ആവശ്യങ്ങൾ ഉയർത്തുവാനുള്ള വേദി, ഇത്തരത്തിലുള്ള ഒരു പ്ലാനിംഗിന്റെ അഭാവത്തിൽ നഷ്ടമായതാണ് മേൽ സ്ഥിതി വിശേഷം സൃഷ്ടിച്ചതെന്ന് കാണാം.

<u>ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വീഴ്ച</u>

ജീവിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ അർഹർക്ക് ലഭ്യമാക്കുന്നതിനുള്ള ഭവനനിർമ്മാണം പോലുള്ള പ്രോജക്ടുകൾക്ക് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച വന്നിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷിതമല്ലാത്ത വീട്ടിൽ താമസിച്ചതുമൂലം മാനഹാനിക്കിടയാക്കുന്ന തരത്തിൽ ആക്രമണത്തിന് വിധേയമാക്കപ്പെട്ട, രണ്ട് സ്ത്രീകൾ മാത്രമുള്ള കുടുംബം നേരിടേണ്ടി വന്ന ദുരവസ്ഥ ഇതിന് ഉത്തമോദാഹരണമാണ്. (13.01.2020 ലെ ഭരണസമിതി തീരുമാനം 1 (അജണ്ട 8) കാണുക) പിന്നീട് ഇവർക്ക് വീട് നല്കിയെങ്കിലും, ഗ്രാമസഭയുൾപ്പടെയുള്ള സംവിധാനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ പരാജയപ്പെടുന്നതും, ഇത്തരക്കാർ സാമൂഹ്യ സുരക്ഷാഭീഷണി നേരിടുന്നതും ഗുരുതരമായ സ്ഥിതിവിശേഷമാണ്; പ്രത്യേകിച്ച് ജനകീയാസൂത്രണ പ്രസ്ഥാനം ഇരുപത്തിയഞ്ച് വർഷത്തോടടുക്കുന്ന സാഹചര്യത്തിൽ.

നിർവ്വഹണാനന്തരം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികൾ മോണിറ്റർ ചെയ്യാത്തത് നിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കാൻ തടസ്സമായിട്ടുണ്ട്.

ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 245520 | 280 |
| കർഷകതൊഴിലാളി പെൻഷൻ | 2767800 | 789 |
| വിധവാ പെൻഷൻ | 3263400 | 919 |
| വാർദ്ധക്യകാല പെൻഷൻ | 5994600 | 1771 |
| വികലാംഗ പെൻഷൻ | 1026900 | 286 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹി തരായ സ്ത്രീകൾക്കുള്ള പെൻഷൻ | 257400 | 73 |
| വിവാഹ ധനസഹായം | 120000 | 4 |

1-6-1 സാമൂഹ്യ സുരക്ഷാ പെൻഷൻ സംമ്പന്ധിച്ച അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിവിധ ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലഭിച്ച ക്ഷേമപെൻഷനുകളുടെ അപേക്ഷകൾ സമയപരിധിയ്ക്കുകം തീരുമാനം കൈകൊള്ളുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ | സമയ പരിധിക്കുള്ളിൽ | സമയ പരിധി കഴിഞ്ഞ് |
|---|---|---|---|

| | എണ്ണം | തീർപ്പാക്കിയ അപേക്ഷകളുടെ ആകെ എണ്ണം | തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 310 | 6 | 199 |
| കർഷക തൊഴിലാളി പെൻഷൻ | 30 | 0 | 30 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 8 | 0 | 4 |
| വിധവ പെൻഷൻ | 52 | 0 | 47 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 0 | 3 |

മേൽ പട്ടികയിൽ കൊടുത്ത പ്രകാരം പഞ്ചായത്തിൽ പെൻഷൻ അപേക്ഷകൾ ഒന്നും സമയബന്ധിതമായി തീർപ്പാക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഇത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ പരിശോധിക്കുന്നില്ല. നിലവിൽ സേവനയിൽ സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയ തീയതി മുതൽക്ക് മാത്രമാണ് പെൻഷൻ ലഭിക്കുകയുള്ളൂ. ഇതിനാൽ തന്നെ അർഹമായ പെൻഷൻ ഗുണഭോക്താവിന് നഷ്ടപ്പെടുന്നു. പെൻഷൻ അപേക്ഷകൾ ലഭിച്ച് അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിലും അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിലും സമയപരിധി പാലിക്കുന്നില്ല. ഇത് പരിശോധിക്കുന്നതിനുള്ള ക്ഷേമ

പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താതെയാണ് സൂക്ഷിച്ചുപോരുന്നത്. അപേക്ഷാ തീയതിയും സ്റ്റാന്റിംഗ് കമ്മിറ്റി പെൻഷൻ പാസ്സാക്കിയ തീരുമാന നമ്പറും തീയതിയും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. ഇതിനാൽ പെൻഷൻ അപേക്ഷകൾ അന്വേഷണത്തിനായി നൽകുന്നതിലെയും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്നതിലെയും റിപ്പോർട്ട് പ്രകാരം സ്റ്റാന്റിഗ്കമ്മിറ്റി നടപടി എടുക്കുന്നതിലെയും ഇത് ഡിജിറ്റൽ സിഗ്നേച്ചർ ചെയ്യുന്നതിലെയും കാലതാമസം മനസ്സിലാക്കാൻ കഴിയാതെ വരുന്നു. ഇതിനാൽ മേൽ പറഞ്ഞ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും എവിടെയാണ് അപേക്ഷ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാവുന്നത് എന്ന് കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശങ്ങല്ർ സ്റ്റാന്റിംഗ് കമ്മിറ്റി നൽകേണ്ടതുമാണ്.

<u>മരണപ്പെട്ടവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല .</u>

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കനവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. എന്നാൽ പഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരം ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നില്ല. ഇത് അനർഹമായി പെൻഷൻ മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പോവുന്നതിന് ഇടയാക്കുന്നു. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. കൂടാതെ പഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരം മരണം രജിസ്റ്റർ ചെയ്യുന്ന എല്ലാവരെയും പെൻഷൻ ഡേറ്റാ ബേസിൽ നിന്നും

ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-01-2022 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുക 19986/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 രസീറ്റ് പിരിവിലെ അപാകതകൾ

ഔട്ട് ഡോർ രസീത് പിരിവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

1. ശ്രീ.ജംനാസ് എന്നവർക്ക് അനുവദിച്ച രസീറ്റുകളിൽ തീയതി രേഖപ്പെടുത്താതെയാണ് രസീറ്റ് എഴുതിയിരികികുന്നത്.

(1)ബുക്ക് നം 44454 ൽ രസീറ്റ് നം 32 മുതൽ 63 (രസീറ്റ് നം 45 , 46 എന്നിവ ഒഴികെ) വരെയും (2) ബുക്ക് നം 44455 ൽ രസീറ്റ് നം 23 മുതൽ 35 വരെയും തീയതി രേഖപ്പെടുത്താതെയാണ് രസീത് എഴുതി നൽകിയിരിക്കുന്നത്.

2. വെറ്റിനറി സർജന് അനുവദിച്ച രസീറ്റ് ബുക്കുകളിലെ പിരിവ് അപാകത ചുവടെ കൊടുക്കുന്നു.

(1) 19309 നം രസീത് ബുക്കിലെ രസീറ്റ് നം 29 മുതൽ 33 വരെ രസീതുകളിലെ കലക്ഷൻ തുകയായ 72000/- രൂപ 18-02-2021 നാണ് പഞ്ചായത്തിൽ അടവാക്കിയത്. എന്നാൽ ഈ രസീതുകളിൽ തീയതി രേഖപ്പെടുത്താതെയാണ് രസീത് എഴുതിയിരിക്കുന്നത്. കൂടാതെ സാമ്പത്തിക വർഷം അവസാനം രസീറ്റ് നം 34 മുതൽ 100 വരെ ഉപയോഗിച്ചിട്ടില്ല.ഇത് ക്യാൻസൽ ചെയ്തിട്ടില്ല.

(2) 44421 നം രസീറ്റ് ബുക്കിൽ 1 മുതൽ 74 വരെ രസീതുകൾ എഴുതിയിട്ടുണ്ട്. ഈ രസീറ്റുകളിൽ മുട്ടഗ്രാമം പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം വാങ്ങിയതാണ്. ഓരോ ഗുണഭോക്താവും 1375/- രൂപ വീതമാണ് അടവാക്കേണ്ടത്. എന്നാൽ രസീറ്റ് നം 1മുതൽ 10 വരെ 1350/- രൂപ വീതമാണ് ഈടാക്കിയിരിക്കുന്നത്. രസീറ്റ് കലക്ഷൻ തുകയായി രസീറ്റ് നം 1 മുതൽ 74 വരെ 1375/- രൂപ വീതം ഈടാക്കിയതായി കണക്കാക്കി 101750/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. രസീറ്റ് പ്രകാരം 101500/-

രൂപയായിരുന്ന അടവാക്കേണ്ടിയിരുന്നത്. അതായത് 250/-രൂപ അധികം അടവാക്കി. കൂടാതെ ഒരു രസീറ്റിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ രസീറ്റ് നം 75 മുതൽ 100 വരെ രസീറ്റുകൾ ഉപയോഗിച്ചിട്ടില്ല. എന്നാൽ ഇവ ക്യാൻസൽ ചെയ്തിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/19-20 തീ. 14-01-2022 മറുപടി ലഭ്യമാക്കിയിട്ടില്ല. രസീറ്റുകളിൽ തീയതി രേഖപ്പെടുത്താതെ രസീറ്റ് എഴുതുന്നത് കേരള ഫിനാൻഷ്യൽ കോഡിന്റെ ലംഘനമാണ്. ഇത് ആവർത്തിക്കാതിരിക്കുന്നതിനായി മേൽനോട്ട ചുമതലയുള്ളവർ കൃത്യമായി പരിശോധനകൾ നടത്തേണ്ടതാണ്.

1-9 വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിച്ചില്ല.

പഞ്ചായത്ത് പ്രദേശത്തെ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റെ, മൈക്രോ സ്മാൾ & മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോംപൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമായുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിന് സ.ഉ.(അ) നം. നമ്പർ 36/2011 തസ്വഭവ തീ 24-2-2015 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഈ ഉത്തരവ് പ്രകാരമുള്ള നിരക്ക് നാളിതുവരെ പഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള കെട്ടിങ്ങൾ ഉണ്ടോ എന്ന് ഇതിനാൽ മനസിലാക്കാൻ സാധിക്കാതിരിക്കുകയും നികുതി നഷ്ടം ഉണ്ടാവുകയും ചെയ്യുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (03/19-20 Dtd 14-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-10 വസ്തു നികുതി കണക്കാക്കിയതിലെ അപാകത - പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം

ശ്രീ.ശങ്കരൻ നമ്പൂതിരി.എ.എം, അരീക്കത്ത് മന, നടുവണ്ണൂർ എന്നവരുടെ റഗുലറൈസേഷൻ കം കംപ്ലീഷൻ അപേക്ഷ (ബി2-2914/19 Dtd 29-04-19) പ്രകാരമുള്ള വാണിജ്യകെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് ആകെ 506.64 M2 വിസ്തീർണ്ണമുണ്ട്. ഇതിന് 7/372 A, 7/372 B, 7/372 C, 7/372 Dഎന്നീ നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് നികുതി കണക്കാക്കേണ്ടിയിരുന്നത് 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് (ച.മീറ്ററിന് 60/-

രൂപ തോതിൽ) പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ മേൽ നമ്പറുകളിൽ 7/372 A, 7/372 B എന്നിവയ്ക്ക് 100 ച.മീറ്ററിന് കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് (ച.മീറ്ററിന് 40/- രൂപ തോതിൽ) നൽകിയിരിക്കുന്നത്. ഇത് പ്രകാരം പഞ്ചായത്തിന് 2019-20 മുതൽ നികുതി നഷ്ടം സംഭവിക്കുന്നു.

| കെട്ടിട നം | നികുതി കണക്കാക്കിയത് | യഥാർത്ഥത്തിൽ നികുതി കണക്കാക്കേണ്ടത് | നികുതി കണക്കാക്കി യതിലെ കുറവ് |
|---|---|---|---|
| 7/372 A വിസ്തീർണ്ണം- 82.35 M2, പ്രാഥമിക മേഖല, വഴി -5M ൽ അധികം (20% വർധന) | 82.35 X 40 = 3294<br>20% വർദ്ധന= 659<br>ആകെ =3953/-<br>LC (5%)= 198/- | 82.35 X 60 = 4941<br>20% വർദ്ധന= 989<br>ആകെ = 5930/-<br>LC (5%)= 297/- | 1977+99 |
| 7/372 B വിസ്തീർണ്ണം- 94.89 M2, പ്രാഥമിക മേഖല, വഴി -5M ൽ അധികം (20% വർധന) | 94.89 X 40 = 3796<br>20% വർദ്ധന= 760<br>ആകെ = 4556/-<br>LC (5%)= 228/- | 94.89 X 60 = 5694<br>20% വർദ്ധന= 1139<br>ആകെ = 6833/-<br>LC (5%)= 345/- | 2277+117 |
| | | ആകെ നഷ്ടം | 4254+216 (LC) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/19-20 Dtd 14-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതും പുതുക്കിയ ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-11 അനധികൃത നിർമ്മാണ നിരീക്ഷണ സംവിധാനം കാര്യക്ഷമമല്ല

മൂന്ന് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട കെട്ടിട നിർമ്മാണ പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലവി ലില്ല. കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട സങ്കേതം സോഫ്റ്റ്‌വെയറിലും മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ചുമതല നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ സ്ഥാപനം ആഭ്യന്തര സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പെർമിറ്റ് കാലാവധി കഴിഞ്ഞതും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ ഉടമകളെ യഥാസമയം കണ്ടെത്തി നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. 2019-20 വർഷത്തിൽ 41 കെട്ടിടങ്ങളുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധകൃത നിർമ്മാണ രജിസ്റ്ററിൽ ആകെ 13 കെട്ടിടങ്ങൾ മാത്രമാണുള്ളത്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തിയ മേൽ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി നടപടിയെടുക്കുന്നതിന് സ്ഥാപനം നിരീക്ഷണ-പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വാർഡ് ചുമതലയുള്ള ക്ലർക്കുമാർ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-12 മുഴവൻ സ്ഥാപനങ്ങളെയും വ്യക്തികളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിയിൽ നിന്നും ഒഴിഞ്ഞു പോകാതിരിക്കുന്നതിനായി 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-9, 1-10 എന്നിവയിൽ വിശദമായി പരാമർശിച്ചിട്ടും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ

കൊടുക്കുന്നു.

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇത് പുതുക്കിയിട്ടില്ല. പഞ്ചായത്തിൽ 2144 വാണിജ്യ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷം ആകെ 548 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിരിക്കുന്നത്. ഇതിൽ 226 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കുന്നതിനായി മുൻകൂർ ആയി ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളൂ. ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2019-20ൽ ആകെ 459 ട്രേഡേഴ്സിൽ നിന്നു മാത്രമാണ് ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച വാടക വരുമാനമാർജിക്കുന്ന കെട്ടിട ഉടമകളെ മുഴുവൻ തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല. പഞ്ചായത്ത് ലൈസൻസ് നൽകിയ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചു. കൂടാതെ പഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എം.ജി.എൻ ആർ.ഇ.ജി.എ യുടെ പ്രവർത്തികൾക്കായി മെറ്റീരിയൽസ് സപ്ലൈ ചെയ്ത സപ്ലയേഴ്സ്/ കരാറുകാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, എന്നീ സ്ഥാപനങ്ങളും അതിലെ ജിവനക്കാർ എന്നിവരെ പഞ്ചായത്ത് ലൈസൻസ് തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.

2018-19 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്.

1-13 സ്ട്രീറ്റ് ലൈറ്റുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടും സ്ട്രീറ്റ് രജിസ്റ്റർ തയ്യാറാക്കിയില്ല

പഞ്ചായത്ത് 2019-20-ൽ കെ എസ് ഇ ബി യുമായി ചേർന്ന് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ കണക്കെടുപ്പ് നടത്തുകയും, മീറ്റേർഡ് ആയവയുടെയും അൺ മീറ്റേർഡ് ആയവയുടെയും ആകെ എണ്ണം എത്രയെന്ന് ഉള്ള ഒരു റിപ്പോർട്ട് 03-07-2019ൽ കെ.എസ്.ഇ.ബി പഞ്ചായത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവ ഏതൊക്കെ വാർഡിലാണെന്നോ ഏതൊക്കെ പോസ്റ്റ് നമ്പറുകളിലാണെന്നോ എന്ന് വിശദമായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതിനാൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പ്രവർത്തനക്ഷമമായ

ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വാർഡ് അടിസ്ഥാനത്തിൽ ഇലക്ട്രിക് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും മീറ്റർ സ്ഥാപിക്കാത്ത സ്ട്രീറ്റ് ലൈറ്റുകളിൽ മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-14 ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല

ഓഡിറ്റ് വർഷത്തിൽ ജി എസ് ടി റിട്ടേൺ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി താഴ പറയും പ്രകാരം 13650/- രൂപ ചെലവഴിച്ചിട്ടുണ്ട്.(വിവിധ ഹെഡ്ഡുകളിൽ ബുക്ക് ചെയ്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.)

| ക്രമനം | വൗച്ചർ നം | തുക |
|---|---|---|
| 1 | 21900065/29.4.19 | 1100 |
| 2 | 21900228/26.6.19 | 1400 |
| 3 | 21900567/4.10.19 | 2000 |
| 4 | 21900352/2.8.19 | 2000 |
| 5 | 21900375/14.8.19 | 1400 |
| 6 | 21900804/3.12.19 | 2050 |
| 7 | 21901048/13.2.20 | 3700 |
| ആകെ | | 13650 |

എന്നാൽ ജി എസ് ടി റിട്ടേൺ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ

കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഈ ഇനത്തിൽ ചെലവ് വഹിക്കുന്നത് ഒഴിവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 അങ്കണവാടികളുടെ നവീകരണം-നടപടിക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു

അങ്കണവാടികളുടെ പെയിന്റിംഗ്, ഗ്യാസ് കണക്ഷനും ഫാനും ലഭ്യമാക്കൽ, റിപ്പയർ എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമനം | ഇനം | വൗച്ചർ നം | തുക |
|---|---|---|---|
| 1 | ഫാൻ-ആഞ്ഞോളിമുക്ക് അങ്കണവാടി | 21900361/5.8.19 | 1350 |
| 2 | ഫാൻ-പുതിയോട്ടിൽപാറ അങ്കണവാടി | 21900362/5.8.19 | 1350 |
| 3 | ഫാൻ-മാവത്ത് താഴ അങ്കണവാടി | 21900363/5.8.19 | 1350 |
| 4 | ഫാൻ-അങ്കക്കളരി അങ്കണവാടി | 21900364/5.8.19 | 1350 |
| 5 | പെയിന്റിംഗ്-അങ്കക്കളരി അങ്കണവാടി | 21900353/5.8.19 | 4996 |
| 6 | പെയിന്റിംഗ്-പുതുക്കുടി താഴ അങ്കണവാടി | 21900354/5.8.19 | 5000 |
| 7 | പെയിന്റിംഗ്-മുണ്ടോത്തറ അങ്കണവാടി | 21900355/5.8.19 | 3415 |
| 8 | ഗ്യാസ് സ്റ്റവ്-കഞ്ഞുക്കാവ് | 21900356/5.8.19 | 3516 |

| | | | |
|---|---|---|---|
| | അങ്കണവാടി | | |
| 9 | ഗ്യാസ് സ്റ്റവ്-പറമ്പത്ത് മുക്ക് അങ്കണവാടി | 21900357/5.8.19 | 2600 |
| 10 | ഫാൻ-പറമ്പത്ത് മുക്ക് അങ്കണവാടി | 21900358/5.8.19 | 1700 |
| 11 | ഫാൻ-കാവിൽ അങ്കണവാടി | 21900359/5.8.19 | 2600 |
| 12 | ഫാൻ-പുതുക്കുടി താഴെ അങ്കണവാടി | 21900360/5.8.19 | 1350 |
| 13 | പെയിന്റിംഗ്-ചരയങ്ങാട്ട് മീത്തൽ അങ്കണവാടി | 21900954/30.1.20 | 4730 |
| 14 | റിപ്പയർ-ഇലങ്കമ്മൽ അങ്കണവാടി | 21900962/30.1.20 | 3460 |
| | ആകെ | | 38767 |

അങ്കണവാടി ടീച്ചർമാർ അങ്കണവാടികളുടെ പെയിന്റിംഗ്, റിപ്പയർ എന്നിവ നടത്തി/ഉപകരണങ്ങൾ വാങ്ങി ബില്ലുകൾ സമർപ്പിച്ച മുറയ്ക്ക് തനത് ഫണ്ടിൽ നിന്നും തുക നല്കുകയാണ് ചെയ്തത്. പഞ്ചായത്തിലെ വിവിധ അങ്കണവാടികളുടെ ചുമരുകൾ വൃത്തികേടായ അവസ്ഥയിലാണെന്നും, അമിതമായ ചൂട് കാരണം കുട്ടികൾക്ക് അങ്കണവാടികളിൽ ഇരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്നും ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ഭരണസമിതി യോഗത്തിൽ ഉന്നയിച്ചതിനെ തുടർന്ന് തനത് ഫണ്ട് വിനിയോഗിച്ച് പെയിന്റിംഗ് നടത്താനും ഫാൻ വാങ്ങാനും 6.5.19ലെ എട്ടാം നമ്പർ പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിലാണ് തുക വിനിയോഗിച്ചിരിക്കുന്നത്. താഴെ പറയുന്ന അപാകതകൾ ഇക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്.

എ) അറ്റകുറ്റപ്പണി /വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ള അങ്കണവാടികളുടെ വിവരം സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുകയും ഇത് അടിസ്ഥാനപ്പെടുത്തി വികസന/മെയിന്റനൻസ് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുകയുമായിരുന്നു ഇക്കാര്യത്തിൽ ചെയ്യേണ്ടിയിരുന്നത്. 2019-20 വർഷത്തെ പ്രോജക്ടുകൾക്ക് അടിസ്ഥാനമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ സാമൂഹ്യക്ഷേമ മേഖലയിൽ

അടിസ്ഥാനവിവരങ്ങൾ ഒന്നും തന്നെയില്ല. ചില ആവശ്യങ്ങൾ അക്കമിട്ട് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ മേൽപറഞ്ഞ ആവശ്യങ്ങൾ ഉൾപ്പെടുന്നില്ല. സാമൂഹ്യ ക്ഷേമ മേഖലയുടെ ചുമതലയുള്ള ഐ സി ഡി എസ് സൂപ്പർവൈസറും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും ശരിയായ ആവശ്യങ്ങൾ തിരിച്ചറിയുന്നതിൽ അലംഭാവം കാണിച്ചിട്ടുണ്ട്.

ബി) അറ്റകുറ്റപ്പണിയും പെയിന്റിംഗും ആവശ്യമുള്ള അങ്കണവാടികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, ഗുണഭോക്തൃ സമിതിയേയോ കരാറുകാരേയോ ഏൽപ്പിച്ച് നിർവ്വഹണം നടത്തുന്നതിന് പകരം അങ്കണവാടി ടീച്ചർമാർ നല്കിയ ബില്ലിന്റെ /വിവരത്തിന്റെ അടിസ്ഥാനത്തിൽ തുക നല്കിയത് ശരിയല്ല. കൂടാതെ ഫാൻ, ഗ്യാസ് സ്റ്റവ് എന്നിവ സ്ഥാപനത്തിലെ പ്രക്വർമെന്റ് പ്രക്രിയയിലൂടെയല്ലാതെ, ടീച്ചർമാർ നേരിട്ട് വാങ്ങി ബിൽ സമർപ്പിക്കുകയായിരുന്നു. ഇത് കൊണ്ട് തന്നെ ഒരേയിനം ഉപകരണങ്ങൾ വ്യത്യസ്ത നിരക്കുകളിൽ വാങ്ങി. (ഫാൻ, സ്റ്റവ് എന്നിവയുടെ നിരക്കുകൾ കാണുക) വാങ്ങലുകളിൽ പ്രൊപ്രൈറ്റി പാലിക്കപ്പെട്ടോയെന്ന് ഇതുമൂലം ഉറപ്പുവരുത്താനായില്ല. കൂടാതെ ഉപകരണങ്ങളുടെ ഗുണനിലവാരവും ഉറപ്പ് വരുത്തപ്പെട്ടില്ല.

സി) പ്രോജക്ടുകളുടെ ഭാഗമല്ലാതെ നിർവ്വഹിക്കപ്പെട്ട ഈ പ്രവർത്തനങ്ങളൊന്നും തന്നെ ഒരു സമിതിയും മോണിറ്റർ ചെയ്തിട്ടില്ല.

തനത് ഫണ്ടിൽനിന്നും ചെലവ് ചെയ്യാൻ യഥേഷ്ടാനുമതി നല്കിയപ്പോൾ ഇക്കാര്യത്തിൽ ഉപദേശം നല്കേണ്ട സെക്രട്ടറി യോഗത്തിൽ അഭിപ്രായങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതാണ്. കൂടാതെ ഇത്തരം പ്രവണതകൾ തുടർ വർഷങ്ങളിൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. തുക ചെലവഴിക്കപ്പെട്ടവയുടെ കാര്യത്തിൽ പ്രവൃത്തി/ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി അക്കാര്യവും അറിയിക്കേണ്ടതാണ്.

1-16 ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ-നടത്തിപ്പിന് വരുമാനത്തിൽ കവിഞ്ഞ ചെലവ്

ബസ്സ്റ്റാന്റിൽ സ്ഥിതി ചെയ്യുന്ന കംഫർട്ട് സ്റ്റേഷൻ ഓഡിറ്റ് വർഷത്തിൽ നടത്തിപ്പിനായി ലേലം ചെയ്തെങ്കിലും ആരും തന്നെ ലേലം കൊള്ളാത്തതിനാൽ സ്ഥാപനം തന്നെ നേരിട്ട് നടത്തുകയായിരുന്നു. ഇതിൽ നിന്നുള്ള വരവ് കൈപ്പറ്റുന്നതിനും സ്റ്റേഷൻ ശുചിയായി സൂക്ഷിക്കുന്നതിനും ഒരാളെ പ്രതിദിനം 300/- രൂപ നിരക്കിൽ നിയമിച്ചാണ് സ്റ്റേഷൻ നടത്തിയിരുന്നത്. താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ 37800/- രൂപ വേതനമിനത്തിൽ അനുവദിച്ചിട്ടുണ്ട്. (ചെലവ് വ്യത്യസ്ത ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയതിനാൽ ചെലവ് തുകയുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.)

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 21901134/2.3.20 | 8700 |
| 2 | 21900674/4.11.19 | 1500 |
| 3 | 21900792/3.12.19 | 9000 |
| 4 | 21900897/4.1.20 | 9300 |
| 5 | 21900989/3.2.20 | 9300 |
| ആകെ | | 37800 |

കംഫർട്ട് സ്റ്റേഷൻ വരവിനത്തിൽ ആകെ 35610/- രൂപയാണ് സ്ഥാപനത്തിന് ലഭിച്ചത്. 2190/- രൂപ വരവിനേക്കാൾ അധികരിച്ച് ചെലവഴിക്കേണ്ട സ്ഥിതിവിശേഷം സ്ഥാപനത്തിനുണ്ടായിട്ടുണ്ട്. അനിവാര്യ ചുമതലയിൽ പെടുന്ന കാര്യമാണെങ്കിലും സ്ഥാപനത്തിന് ബാധ്യത വരാത്ത തരത്തിൽ സ്റ്റേഷൻ നടത്തിക്കൊണ്ട് പോകേണ്ടതായിരുന്നു. ലേലം നടത്തി വരുമാനം ആർജ്ജിക്കുന്ന സ്ഥിതി വരുന്നതുവരെ സ്റ്റേഷൻ ഉപയോഗിക്കുന്നവരിൽ നിന്നും വൊളന്റിയായി പേമന്റ് സ്വീകരിക്കുന്നതിനുള്ള സൗകര്യമൊരുക്കി, അതുവഴി ലഭിക്കുന്ന തുക വിനിയോഗിച്ച് സ്റ്റേഷൻ ശുചിയായി സൂക്ഷിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. കൂടാതെ എൻ ജി ഒ പോലുള്ള സംവിധാനങ്ങളുമായി സഹകരിച്ചും, സ്ഥാപനത്തിന് ബാധ്യത വരാത്ത രീതിയിൽ സ്റ്റേഷൻ നടത്തുന്നത് പരിഗണിക്കാവുന്നതാണ്.

1-17 MGNREGS- പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിർദ്ദേശാനുസരണമല്ല

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ മെറ്റീരിയല് പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | മെറ്റീരിയൽ പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2019-20 | 14 | 4515048 |

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 7 കരാറുകാർ എല്ലാ പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വച്ചെടുത്തതായി കാണുന്നു

| ക്രമ നം | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ഗിരീഷ്കുമാർ കോമത്ത് | 1 |
| 2 | മുഹമ്മദ് അഷ്റഫ് | 1 |
| 3 | പ്രകാശൻ | 2 |
| 4 | പുഷ്പരാജ് | 2 |
| 5 | ALCCS | 3 |
| 6 | ശ്രീനാഥ് | 4 |
| 7 | വിനിൽ | 1 |
| ആകെ | | 14 |

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച് കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് വിശദീകരിക്കപ്പെടേണ്ടതുണ്ട്. സർക്കാർ

നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിച്ച് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ വിതരണം ചെയ്തത് -അളവുകൾ രേഖപ്പെടുത്തുന്നില്ല

ഓഡിറ്റ് വർഷത്തിൽ നിർവ്വഹിച്ച മെറ്റീരിയൽ പ്രവൃത്തികളുടെ കാര്യത്തിൽ വിതരണം ചെയ്ത സാധനങ്ങളുടെ അളവെടുത്ത് അളവുപുസ്തകത്തിൽ രേഖപ്പെടുത്താതെയാണ് ഇവയ്ക്ക് തുക നല്കിയിരിക്കുന്നത്. മറ്റ് മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ ചെയ്യുന്നതു പോലെ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ അളവിന്റെ അടിസ്ഥാനത്തിലാണ് മെറ്റീരിയലിന്റെ അളവ് കണക്കാക്കിയത്. മേൽ പ്രവൃത്തികളുടെ കാര്യത്തിൽ മെറ്റീരിയൽ വിതരണം ചെയ്യുന്നത് വില്പനയാൾ (വെൻഡർ) ആയതിനാൽ അവരിൽ നിന്നും സ്വീകരിക്കുന്ന സാധനങ്ങളുടെ അളവ് രേഖപ്പെടുത്തി മാത്രമേ തുക നൽകാവൂ. ഇത് പാലിക്കാതെ തുക ചെലവഴിച്ചതിനാൽ ചെലവിന് അനുസൃതമായി മെറ്റീരിയൽ ലഭിച്ചോയെന്നതിൽ വ്യക്തതയില്ല .

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-18 പൊതുമരാമത്ത് പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) ഭൂരിഭാഗം റോഡ് പ്രവൃത്തികളുടെയും അടങ്കൽ 3 ലക്ഷത്തിനും 4 ലക്ഷത്തിനും ഇടയിലുള്ളതാണ്. നിരവധി വർക്കുകൾ എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കിൽ കരാറുകാർ ടെണ്ടർ എടുക്കുന്ന പ്രവണത കാണുന്നു. ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ ഗുണനിലവാരം കുറയുന്നില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും മോണിറ്ററിംഗ് സമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

2) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

3) തദ്ദേശഭരണസ്ഥാപനത്തിലെ വിവധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡ് നെറ്റ്‌വർക്ക് പ്ലാൻ എന്നിവ തയ്യാറാക്കണമെന്നും, ഈ റോഡ് നെറ്റ്‌വർക്ക് പ്ലാനിന്റെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും, പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തണമെന്നുള്ള നിബന്ധന പാലിച്ചതായി കാണുന്നില്ല.

4) സ.ഉ.(കൈ) നം.11/2018.തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 6-7 ൽ മെയിന്റനൻസ് ഫണ്ടും, ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി സ്ഥാപനത്തിന്റെ കീഴിലുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം സ്ഥാപനം പാലിച്ചിട്ടില്ല.

5) സ.ഉ.(സാധാ) നം.3119/2016/തസ്വഭവ/17.11.2016 പ്രകാരം പ്രാദാശിക സർക്കാരുകൾ ഏറ്റെടുക്കുന്ന 10 ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ചില റോഡ് പ്രവൃത്തികൾക്ക് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/19-20 /15.01.22) മുപടി നൽകിയിട്ടില്ല. മേഖലയിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതി എന്നിവയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ താഴെ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) റോഡ് പ്രവൃത്തികളിൽ കുറഞ്ഞ തുകയ്ക്കുള്ള അടങ്കലിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കി പ്രധാന റോഡുകൾ പൂർണ്ണമായും ടാർ ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുക. ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കുന്നത് ഒഴിവാക്കുക.

2) ഓരോ വർഷത്തെ പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുക. പദ്ധതി നിർവ്വഹണ കലണ്ടർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തുക

3) മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക. സ്റ്റാറ്റസ് റിപ്പോർട്ടിൽ പരാമർശിച്ച പദ്ധതികൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

4) ടെണ്ടറുകളിലെ മത്സരസ്വഭാവം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തികളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി പരമാവധി പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന നടപ്പാക്കുക.

1-19 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് നിർമ്മാണം - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2919-20 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 59/19-20 | പുല്ലരിക്കുന്ന് ചേണിക്കുന്ന് റോഡ് | 400000 | 351237 |

പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻന്റേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവർത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm-ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു.

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് .

1-20 പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - ടെണ്ടർ ലഭിച്ച സ്ഥാപനം ടാങ്ക് വിതരണം ചെയ്തില്ല

ഓഡിറ്റ് വർഷം പട്ടികജാതി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയിൽ, ടെണ്ടർ ലഭിച്ച സ്ഥാപനം ടാങ്ക് സപ്ലൈ ചെയ്യാതെ പിന്മാറി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പ്രോജക്ട് നം. | 7/20 |
| അടങ്കൽ | 400000/- |
| ഫണ്ട് | വികസനം (എസ്.സി.പി) |
| ചെലവ് | 346500/- |

26.10.2019 ന് നടന്ന പദ്ധതിയുടെ ടെണ്ടറിൽ ഏറ്റവും കുറഞ്ഞ നിരക്ക് ടാങ്ക് ഒന്നിന് 3510 രൂപ നിരക്കിൽ ക്വാട്ട് ചെയ്ത HEADCO പന്തീരാങ്കാവ് കോഴിക്കോട് എന്ന സ്ഥാപനത്തിന് ഓർഡർ ലഭിച്ചു. 18.01.2020 ലെ കത്ത് പ്രകാരം സ്ഥാപനം നിലവിലെ വിലയിൽ ടാങ്ക് സപ്ലൈ ചെയ്യാൻ കഴിയില്ലെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകി. ഇതിന്റെ കാരണമായി സൂചിപ്പിച്ചത് സപ്ലൈ ഓർഡർ ലഭിക്കാൻ വൈകി എന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥ സപ്ലൈ ഓർഡർ നൽകിയത് 13.12.2019 നാണ്. ടെണ്ടർ ലഭിച്ച സ്ഥാപനം പിൻവാങ്ങിയതിനാൽ ടാങ്ക് ഒന്നിന് 3465 രൂപ നിരക്കിൽ വിക്ടറി നടുവണ്ണൂർ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ടാങ്ക് വാങ്ങി നൽകി പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ലഭിച്ച സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. ടാങ്ക് സപ്ലൈ ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിച്ചിട്ടില്ല. 30.01.2021 ന് സ്ഥാപനത്തിന്റെ ഇ.എം.ഡി തിരികെ നൽകുകയുണ്ടായി. തുടർന്ന് 2021-22 വർഷത്തിലും പ്രൊജക്ട് നം.131/22 പ്രകാരം ഇതേ സ്ഥാപനത്തിന് വാട്ടർ ടാങ്ക് സപ്ലൈ ചെയ്യുന്നതിന് ഓർഡർ നൽകുകയുണ്ടായി. സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/19-20/14.01.22) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-21 ബഡ്സ് സ്കൂൾ നടത്തിപ്പ് - ആവശ്യമായ ജീവനക്കാരെ നിയമിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ 2019 മുതൽ പുതിയ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ബഡ്സ് സ്കൂളിന് ആവശ്യമായ ജീവനക്കരെ നിയമിച്ചിട്ടില്ല. സ.ഉ (കൈ) നം.22/2018 തസ്വഭവ തി.14.02.2018 പ്രകാരമുള്ള മാർഗ്ഗ രേഖ.ഖ.7.1.8 (4) ൽ ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരെ നിയമിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനത്തിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ഇപ്പോൾ ഇവിടെ 19 കുട്ടികളാണ് പഠിച്ച് കൊണ്ടിരിക്കുന്നത്. നിലവിൽ ഒരു ടീച്ചറും രണ്ട് ഹെൽപ്പർമാരുമാണ് ഇവിടെ ഉള്ളത്. മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ മാനസികവൈകല്ല്യമുള്ള എത്ര കുട്ടികളുണ്ട് എന്ന് പരാമർശിച്ചിട്ടില്ല. സമഗ്രമായ സർവ്വെ നടത്തി അർഹരായ ഭിന്നശേഷിക്കാരെ കണ്ടെത്തി സ്കൂളിൽ എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

നിലവിൽ കുട്ടികൾക്കുള്ള വാഹന സൗകര്യം ഏർപ്പെടുത്തുന്നതിലേക്ക് ഓരോ കുട്ടിയിൽ നിന്നും ആയിരം രൂപ വീതം വാങ്ങി വരുന്നുണ്ട്. ഇതിന് രശീതി നൽകുന്നില്ല, ഈ തുക നേരിട്ട് ചെലവഴിക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്.ഇത് ശരിയായ നടപടിയല്ല. സ്ഥാപനത്തിന് സ്വന്തമായി വാഹനമില്ലാത്തത് കാരണം സ്വകാര്യ വാഹനം കരാറടിസ്ഥാനത്തിൽ ഓടുകയാണ് ചെയ്യുന്നത്. വിദ്യാർത്ഥികൾക്ക് നൽകുന്ന യാത്രാബത്തയിൽ നിന്ന് ഈ തുക വാഹന ഉടമയ്ക്ക് നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/19-20/14.01.22) മറുപടി നൽകിയിട്ടില്ല. ബഡ്സ് സ്കൂളിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയും, അപാകതകൾ പരിഹരിച്ചും അറിയിക്കേണ്ടതാണ്.

## 1-22 വലിയ പ്രവൃത്തികൾക്ക് നൽകുന്ന ഓവർഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കും നൽകുന്നു - പഞ്ചായത്തിന് നഷ്ടം

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക്

കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റാർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രോജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക

തുക നല്കുന്നത് പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗമാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/19-20/14.01.22) മറുപടി നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ അപാകതകൾ

മെയിന്റനൻസ് ഫണ്ട് റോഡ് നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായാണ് വിനിയോഗിക്കാവുന്നത് എന്നിരിക്കെ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ് നിരവധി പുതിയ റോഡുകളുടെ നിർമ്മാണങ്ങൾക്കായി വിനിയോഗിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 132/2 | തുരുത്തിമുക്ക് പള്ളിമാക്കൂട്ടത്തിൽ താഴെ റോഡ് | 500000 |
| 134/20 | അമ്മോക്കുംചാലിൽ കോളനി റോഡ് | 344420 |
| 142/20 | കിഴനപ്പറമ്പത്ത് പാറയ്ക്ക് മീത്തൽ റോഡ് | 495000 |
| 143/20 | പുതിയേടത്ത് കുനി പുതുക്കോട്ട് താഴെ റോഡ് | 498000 |

27/02/2018ലെ ഭരണസമിതിയുടെ 2(2)/18 നമ്പർ തീരുമാന -പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള റോഡുകളിൽ 2020-21 വർഷം അറ്റകുറ്റ പണികൾ ആവശ്യമില്ലെന്ന് കണ്ടതിനാൽ സർക്കാറിന്റെ 68228/എഫ്.എം1/2012/എൽ.എസ്.ജി.ഡി. തീയതി 28.11.2012 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അറ്റകുറ്റപണി നടത്തേണ്ടതായുള്ള എത്ര റോഡുകൾ പഞ്ചായത്തിൽ ബാക്കിനിൽക്കുന്നുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ പുതിയ പ്രവൃത്തികൾക്കായി ഫണ്ട് വിനിയോഗിച്ചതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19-20/14.01.22) മറുപടി നൽകിയിട്ടില്ല

സർക്കാർ ഉത്തരവിനെ മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് ഗൗരവമായി കാണേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ, ഭരണസമിതിയിലോ ചർച്ച നടന്നതായി കാണുന്നില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/20-21/26.10.21) മറുപടി നൽകിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് റോഡ് വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് വിനിയോഗിക്കുന്ന

സ.ഉ (കൈ)നം.11/2018/തസ്വഭവ, തിരു., തീയതി: 29-01-2018) തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗിന് ഇത് വിനിയോഗിക്കരുതെന്ന് മുൻ വർഷത്തെ പദ്ധതി രേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. 18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ ഇത് പാലിക്കാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു :

| പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|
| 43/20 | പുതുശ്ശേരിത്താഴെ പുളിഞ്ഞോളി അങ്കണവാടി റോഡ് | 600000 |
| 59/20 | പുല്ലരിക്കുന്ന് ചേണിക്കുന്ന് റോഡ് | 351237 |
| 67/20 | ഭഗവതികണ്ടിമുക്ക് പുൽപ്പാറക്കുന്ന് റോഡ് | 247897 |
| 75/20 | മാടായി പുനത്തിൽ റോഡ് | 253182 |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/19-20/14.01.22) മറുപടി നൽകിയിട്ടില്ല. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-25 കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - തുക ചെലവഴിച്ചെങ്കിലും സർട്ടിഫിക്കേഷൻ ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്റ്റ് നം. | 167/20 |

| | |
|---|---|
| അടങ്കൽ | 60000/- |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 35700/- |
| ബിൽനം.തി. | 19/20/27.03.20 |

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള കൺസൾട്ടൻസി ഫീസ് ഇനത്തിൽ മേൽ തുക AQA Quality Management Systems കൊച്ചി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിനായി മെഡിക്കൽ ഓഫീസറും AQA മാനേജിംഗ് ഡയറക്ടറും തമ്മിൽ 03.02.2020 ന് കരാർ ഒപ്പുവെച്ചിട്ടുണ്ട്. എഗ്രിമെന്റിലെ മൂന്നാമത്തെ വ്യവസ്ഥ പ്രകാരം കരാർ തിയ്യതി മുതൽ 90 ദിവസത്തിനകം ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ AQA നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/19-20 /14.01.22) മറുപടി സമർപ്പിച്ചിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-26 ഡെപ്പോസിറ്റ് വർക്ക് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം രണ്ട് റോഡ് പ്രവൃത്തികൾക്കായി കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിലെ പേരാമ്പ്ര അസി.എഞ്ചിനിയർക്ക് തുക കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 49/20 | കാവുന്തറ സ്കൂൾ പുതുശ്ശേരി താഴെ റോഡ് | 910000 | 910000 |
| 43/20 | പുതുശ്ശേരി താഴെ ചാലിൽപ്പള്ളി റോഡ് | 600000 | 600000 |

മേൽ പ്രവൃത്തികൾ പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, മറ്റ് വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 കുടുംബാരോഗ്യ കേന്ദ്രത്തിന് കുഴൽക്കിണർ - തുക ചെലവഴിച്ചെങ്കിലും വെള്ളം ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിന് കുഴൽക്കിണർ കുഴിക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്റ്റ് നം. | 107/20 |
| അടങ്കൽ | 100000/- |
| ഫണ്ട് | എം.ജി (എൻ.ആർ) |
| ചെലവ് | 30460/- |
| ബിൽനം.തി. | 13/20/01.02.20 |

കുടുംബാരോഗ്യ കേന്ദ്രത്തിൽ കുടിവെള്ളം ലഭിക്കുന്നതിനായി ഭൂജല വകുപ്പ് ഫീസിബിലിറ്റി നൽകിയതിനെത്തുടർന്നാണ് പദ്ധതി നടപ്പാക്കിയത് (സർട്ടിഫിക്കറ്റ് നം.G.W/kkd/T2250/2019) പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും, കിണർ കുഴിച്ചതും ഭൂജല വകുപ്പാണ്. എന്നാൽ വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു. ഫലത്തിൽ പദ്ധതിപ്പണം പാഴായ

അവസ്ഥയാണുള്ളത്. പദ്ധതിക്ക് ചെലവായ തുക ഭൂജല വകുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/19-20/14.01.22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

1-28 റോഡ് പ്രവൃത്തികൾ - ആസൂത്രണത്തിലെ പിഴവ് കാരണം റോഡുകളുടെ ഗുണ നിലവാരം കുറയുന്നു

ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികൾ മിക്കതും ചെറിയ എസ്റ്റിമേറ്റിൽ തയ്യാറാക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം പ്രവൃത്തികൾ മിക്കതും ടെണ്ടർ എടുക്കുന്നത് ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ റോഡ് വർക്കുകൾ ചെയ്യാൻ കഴിയാത്ത സാധാരണ കരാറുകാരായിരിക്കും. ഇതിന്റെ ഫലമായി റോഡുകളുടെ പ്രവൃത്തിയിൽ ഗുണനിലവാരം കുറയുകയും അത് വഴി ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പ്രയാസമുള്ളതായി മാറുകയും ചെയ്യാറുണ്ട്. ചെറിയ ചെയിനേജിലുള്ള പ്രവൃത്തികൾക്ക് ഫണ്ടുകൾ വിഭജിക്കുന്നതിന് പകരം, ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ ഗതാഗതത്തിനായി കൂടുതൽ ആശ്രയിക്കുന്ന റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇത്തരം റോഡുകൾ മുഴുവനായും ടാർ ചെയ്യുന്നതിന് സമഗ്രമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണ്.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ അഞ്ച് മീറ്റർ വീതിയുള്ള രണ്ട് റോഡ് പ്രവൃത്തികൾക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ, റോഡ് പേവിംഗ് മാന്വൽ രീതിയിൽ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ പ്രൊവിഷൻ നൽകിയിരിക്കുന്നത്. ഈ രീതിയിൽ ടാർ ചെയ്യുമ്പോൾ റോഡിന്റെ ഉപരിതലം നിമ്നോന്നതമായിരിക്കും.അതുകൊണ്ട് തന്നെ ഇത്തരം റോഡുകളിലൂടെയുള്ള യാത്ര പൊതുവെ ആയാസമേറിയതായിരിക്കും. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 80/20 | ഇടുവാട്ട്കുനി കോറോത്ത്കുനി റോഡ് | 515832 |
| 89/20 | ഇട്ടൂമ്മ കണ്ടി എലങ്കമ്മൽ സ്കൂൾ റോഡ് | 350000 |

ഇത്തരം റോഡുകളുടെ കാര്യത്തിൽ കൂടുതൽ തുക വകയിരുത്തി കൂടുതൽ ചെയിനേജിൽ, എസ്റ്റിമേറ്റിൽ ടാറിങ്ങിന് ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ മിക്സ് സീൽ സർഫേസിങ്ങി (MSS) ന് പ്രൊവിഷൻ നൽകിയിരുന്നെങ്കിൽ, ഈ റോഡുകളുടെ നിർമ്മിതിയുടെ ഗുണനിലവാരം

വർധിക്കുകയും അതുവഴി പഞ്ചായത്തിലെ ജനങ്ങൾക്ക് സുഗമമായ യാത്രയുള്ള റോഡ് സൗകര്യം ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇതിനുള്ള ശ്രമങ്ങൾ നടന്നതായി കാണുന്നില്ല. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് കൂടുതൽ കാലം ഈട് നിൽക്കുന്ന തരത്തിലുള്ള റോഡുകളുടെ നിർമ്മിതിയുമായി ബന്ധപ്പെട്ട് ചർച്ചകളൊന്നും നടന്നതായി കാണുന്നില്ല. ഭാവിയിൽ റോഡുകളുടെ നിർമ്മിതിയിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ചർച്ചകൾ ഉയർന്നുവരേണ്ടത് ആവശ്യമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/19-20/14.01.22) വിശദീകരണം നൽകിയിട്ടില്ല. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-29 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - തുക കൈമാറി കമ്പ്യൂട്ടർ ലഭിച്ചില്ല.

പ്രോജക്ട് നമ്പർ- 195/19-2

വകയിരുത്തിയ തുക- 80300

ചെലവുതുക- 80258 (Orderno380/19.3.20)

നിർവഹണം - സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേക്ക് രണ്ട് ഡസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 80258 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കേരള സ്റ്റേറ്റ് ഐ.ടി.മിഷന് കൈമാറിയിട്ടുണ്ട്. തുക കൈമാറിയതിന്റെ രേഖകളല്ലാതെ കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ലഭ്യമായതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉൾപ്പടെയുള്ള രേഖകളോ, ആയതിന്റ കാഷ് ബില്ലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ കാഷ് ബിൽ ഉൾപ്പടെയുള്ള രേഖകളോ, ലഭ്യമാവാത്ത പക്ഷം ആയത് ലഭ്യമാവാൻ കൈകൊണ്ട നടപടികളോ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായോ എന്ന കാര്യത്തിൽ വ്യക്തതവരുത്താത്ത സെക്ഷൻ ക്ലർക്കിന്റെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായത്. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്. ചെലവുതുക 80258 രൂപ തടസ്സത്തിൽ വെക്കുന്നു.

1-30 ഒ.ഡി എഫ് -രണ്ടാം ഘട്ടം -അഡ്വാൻസ് കൈപറ്റിയ ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ- 181/19-20

വകയിരുത്തിയ തുക- 246400

ചെലവുതുക--- 160700

നിർവഹണം - വി.ഇ.ഒ

ഒ.ഡി എഫ് -രണ്ടാം ഘട്ട പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിൽ കക്കൂസ് നിർമാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയതല്ലാതെ നിർമാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപറ്റിയ തുകയുടെ വിവരം |
|---|---|
| ലക്ഷ്മി W/o വെള്ളൻ. വില്ലുനി മലയിൽ നടുവണ്ണൂർ | 7500 (ബിൽ നമ്പർ 22/19-20 തി 20.12.19) |
| കമല D/O വെള്ളൻ, ചെറുവോട്ട് തടത്തിൽ മന്ദങ്കാവ് | 7500 (ബിൽ നമ്പർ 22/19-20 തി 20.12.19) |
| മീനാക്ഷി, കോറോത്ത് മീത്തൽ കാവിൽ. നടുവണ്ണൂർ | 7500 (ബിൽ നമ്പർ 22/19-20 തി 20.12.19) |

അഡ്വാൻസ് ഇനത്തിൽ തുക കൈപറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് ഇനത്തിൽ തുക കൈപ്പറ്റിയിട്ടും ആയത് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ വി.ഇ.ഒ കൈകൊണ്ടു കാണുന്നില്ല. ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കി അപാകത പരിഹരിക്കാവുന്നതാണ്. ചെലവു തുക 22500 രൂപ തടസ്സത്തിൽ വെക്കുന്നു.

1-31 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ - K.S.E.B. യിൽ അധികതുക അടവാക്കിയതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും.

പ്രോജക്ട് നമ്പർ- 162/19-20

വകയിരുത്തിയ തുക- 164555

ചെലവുതുക- 163554 (ബിൽ നമ്പർ-21/18-11.19)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ 19-20 വാർഷിക പദ്ധതിയിലുൾപ്പെട്ട സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം 163554 രൂപ നിർവഹണ ഉദ്യോഗസ്ഥൻ പിൻവലിച്ച് അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി. അരിക്കുളം സെക്ഷനിൽ അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. അരിക്കുളം സെക്ഷൻ എഞ്ചിനീയർ 29.1.19ൽ സെക്രട്ടറിക്ക് ലഭ്യമാക്കിയ കത്തിൽ 162179 രൂപ അടവാക്കുന്നതിനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ പഞ്ചായത്ത് 163554 രൂപ അടവാക്കിയിരിക്കുന്നു. 1375 രൂപ അധികം അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്നതോടൊപ്പം. അടവാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പ്രവർത്തിയുടെ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതുമാണ്.

1-32 വെറ്റിനറി സർജൻ നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ ഗുണഭോക്തൃ ലിസ്ററിലെ മുൻഗണനാക്രമം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്തതും മറ്റ് അപാകതകളും.

വെറ്റിറിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം പശുക്കളെയും ആടുകളെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്സ് |
|---|---|---|---|
| 25/19-20- പശുവിതരണം .S.C | 385000 | 315000 | 35000 രൂപ വീതം 9 ഗുണഭോ ക്താക്കൾക്ക് വിതരണം ചെയ്തു |
| 24/19-20- | 150000 | 132000 | 22 വനിതകൾക്ക് |

| | | | |
|---|---|---|---|
| പെണ്ണാട് വിതരണം വനിത | | | 6000 രൂപ വീതം വിതരണം ചെയ്തു |

മേൽ പ്രോജക്ടുകളുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള മുൻഗണനാക്രമം പാലിക്കാതെയാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റിൽ മുമ്പിലുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാതെ ലിസ്ററിലെ മാർക്ക് കുറവായ അവസാന ഭാഗത്തുള്ളവർക്കാണ് ആനുകൂല്യം വിതരണം ചെയ്തു കാണുന്നത്. ഗുണഭോക്തൃ ലിസ്റ്റിൽ മുമ്പിലുള്ളവർക്ക് ആനുകൂല്യം ആവശ്യമില്ലാത്തപക്ഷം ആനുകൂല്യം ആവശ്യമില്ല എന്ന സർട്ടിഫിക്കറ്റ് പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാക്കിയിട്ടുമില്ല. ഉദാഹരണത്തിന് പശു വിതരണം എസ്.സി. പ്രോജക്ടിൽ 36 പേരുടെ ലിസ്റ്റിനാണ് അംഗീകാരം ലഭ്യമായത്. ആയതിൽ ഒന്നാം വാർഡിലുള്ള ഗുണഭോക്താക്കളും ഗുണഭോക്തൃ ലിസ്റ്റിൽ ക്രമനമ്പർ 1, 2 സ്ഥാനത്ത് വന്നവരുമായ 80 മാർക്ക് വീതം ലഭിച്ച കുഞ്ഞിക്കണ്ണൻ പറമ്പത്ത്, നാരായണി തയ്യുള്ളതിൽ എന്നിവർക്ക് ആനുകൂല്യം നൽകാതെ ഒന്നാം വാർഡിൽ തന്നെയുള്ള ക്രമനമ്പർ 36 അജിത പുതുക്കോട്ട് (20 മാർക്ക്) എന്നവർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. അതേ പോലെതന്നെ ലിസ്ററിലെ ക്രമനമ്പർ 15 ആയ 14ാം വാർഡിലെ ഗീത പൂവതി തറവട്ടത്ത് എന്നവർക്ക് ആനുകൂല്യം നൽകാതെ അതേ വാർഡിലുള്ള ക്രമനമ്പർ 35 ഇന്ദു പെരണിക്കോട്ട് താഴ എന്ന ഗുണഭോക്താവിനാണ് ആനുകല്യം നൽകിയിരിക്കുന്നത്.

പെണ്ണാട് വിതരണം വനിത എന്ന പ്രോജക്ടിലും ഇതേ അപാകത കാണുന്നു. മൊത്തം 32 പേർക്ക് ആടിനെ വിതരണം ചെയ്തതിൽ ഗുണഭോക്തൃസ്റ്റിലെ ക്രമനമ്പർ 1, 2, 3 പ്രകാരമുള്ള ഗുണഭോക്താക്കൾക്കോന്നും തന്നെ ആനുകൂല്യം നൽകി കാണുന്നില്ല. ലിസ്റ്റിലെ ആദ്യ 25 പേരിൽ 8 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ 25 മുതൽ 50 വരെയുള്ള വരിൽ ഭൂരിഭാഗം പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

പശുവിതരണം എസ്.സി പ്രൊജക്ട് പ്രകാരം പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിച്ച് പാലുത്പാദനം കൂട്ടുന്നതിനാണ് ലക്ഷ്യമിട്ടതെങ്കിലും ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ ഒരാളൊഴികെ എല്ലാ ഗുണഭോക്താക്കളും പശുവിനെ വാങ്ങിയിരിക്കുന്നത് നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ നിന്നു തന്നെയാണ്. ഇങ്ങനെ പശുവിനെ ഗ്രാമപഞ്ചായത്തിനുള്ളിൽ നിന്നും കൈമാറുന്നത് മൂലം പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന തരത്തിലല്ല പ്രോജക്ട് നടപ്പിലാക്കിയതെന്ന് വ്യക്തമാവുന്നു.

ആടിനെ വാങ്ങിയ ഗുണഭോക്താക്കളിൽ സുശീല കീരിക്കനിയിൽ, ശൈല കുറ്റ്യാട്ട് മീത്തൽ എന്നീ ഗുണഭോക്താക്കൾ വാങ്ങിയ ആടിനെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 13ാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ഖണ്ഡിക 11.3 പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വന്ന വീഴ്ചയും പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റും വിതം ആയത് നടപ്പിലാക്കാത്തതുമാണ് അപാകതക്ക് കാരണമായത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും, ആടിനെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്.

1-33 കുടിവെള്ള വിതരണം -പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ- 173/19-20

വകയിരുത്തിയ തുക- 450000

നിർവ്വഹണം – സെക്രട്ടറി

ചെലവുതുക- 450000 (Order No 339/30.3.20)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.3.2019 ലെ സ.ഉ.സാധാ നമ്പർ 500/2019 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ 450000 രൂപ തനത് ഫണ്ടിൽ നിന്നും കുടിവെള്ള വിതരണത്തിനായി തുക വകയിരുത്തുകയും ടെണ്ടർ നടപടികളിലൂടെ ശ്രീ.മനോജ് കൈതകുളങ്ങര എന്ന ആൾ കുടിവെള്ള വിതരണം ഏറ്റെടുക്കയും ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം ജി.പി.എസ്.ഘടിപ്പിച്ച വാഹനത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 8.5.19 മുതൽ 17.6.19 വരെ കുടിവെള്ളം വിതരണം ചെയ്യുകയും ചെയതിട്ടുണ്ട്. ജി.പി.എസ്.ലോഗ് പ്രകാരം 1961 കി.മി ദൂരംസഞ്ചരിച്ചതിന് കി.മി.250 രൂപ പ്രകാരം 490250 രൂപ നൽകേണ്ടത് പ്രൊജക്ട് തുകയായ 450000 ൽ പരിമിതപ്പെടുത്തി കരാറുകാരന് നൽകിയിട്ടുണ്ട്.കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ

ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1)കോഴിക്കോട് ജില്ലാ കലക്ടറുടെ 5.3.19 ലെ D.C.K.K.D./2194/2019 ഉത്തരവ് പ്രകാരം ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയ കുടിവെള്ളം മാത്രമെ വിതരണം ചെയ്യാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട് എന്നാൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം അംഗീകൃത ലാബിൽ പരിശോധിച്ചതിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കി യിട്ടില്ല.

2)കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടിയിൽ കുടിവെള്ള ഗുണനിലവാര സാക്ഷ്യപത്രത്തിന് പുറമെ ഭക്ഷ്യസുരക്ഷാവകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാൻ നിഷ്കർഷിച്ചിരുന്നെങ്കിലും ആയതും ലഭ്യമാക്കി കാണുന്നില്ല.

3) വാഹനത്തിന്റെ ഡ്രൈവർ ഓരോ ട്രിപ്പിനും ട്രിപ്പ് ഷീറ്റ് വാഹനത്തിൽ സൂക്ഷിക്കേണ്ടതും, അതേ ദിവസംതന്നെ വാർഡ് മെമ്പർ, കുടുംബശ്രീ എ.ഡി എസ് പ്രസിഡണ്ട്, പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതും, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് ലോഗും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയശേഷം മാത്രം കരാറുകാരന് തുക നൽകാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ഡ്രൈവറുടെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അത്തരമൊരു പരിശോധന നടത്തിയോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

4)കരാറുകാരന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 1% ആദായ നികുതി കുറവു ചെയ്യാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, ജില്ലാകലക്ടർ, പഞ്ചായത്ത് ഡപ്യൂട്ടിഡയറക്ടർ എന്നിവരുടെ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയും, കരാറുകാരനിൽ നിന്നും ആദായനികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 4500 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-34 കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും

പ്രോജക്റ്റ് നമ്പർ - 82/1920

വകയിരുത്തിയ തുക- 400000

ചെലവുതുക- 400000(ബിൽ നമ്പർ 8/19-20 തി 30.7.19-55000

9/19-20 തി 16.8.19-345000)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി സ.ഉ.നമ്പർ 22/18 ത.സ്വ.ഭ.വ. തിയ്യതി 14.2.18 ഖണ്ഡിക 8.8 -ൽ നിഷ്കർഷിച്ച പ്രകാരം 4 ലക്ഷം രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് വിവിധ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി സ്ഥാപന മേധാവികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| സ്ഥാപനം | അഡ്വാൻസിനത്തിൽ കൈപറ്റിയ തുക |
|---|---|
| M.O വെറ്ററിനറി ഡിസ്പെൻസറി | 40000 |
| M.O ആയുർവേദം | 25000 |
| M.O-ഹോമിയോ | 25000 |
| M.O.പി.എച്ച്.സി | 195000 |
| കൃഷിഭവൻ നടുവണ്ണൂർ | 30000 |
| H.M-G.M.L.P. നടുവണ്ണൂർ | 30000 |
| H.M-G. W.L.P- കാവുംന്തറ | 30000 |
| H.M-G.U .P കരുവണ്ണൂർ | 25000 |

| | |
|---|---|
| | |
| ആകെ | 400000 |

മേൽ തുകകൾ കൈപ്പറ്റിയതിൽ ആയുർവേദ മെഡിക്കൽ ഓഫീസർ കൈപറ്റിയ 25000 രൂപയിൽ 12592 രൂപ വിനിയോഗിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളൊന്നും തന്നെ ചെലവ് രേഖകളോ, വിനിയോഗ സാക്ഷ്യപത്രമോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 8.8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകളുടെ ആവശ്യകത തയ്യാറാക്കി സ്ഥാപന മേധാവികൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യകത പരിഗണിച്ച് ഒരു ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതുമാണ്. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം സ്ഥാപന മേധാവികൾ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് നൽകേണ്ടതും ചെലവു സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കാർ ഉത്തരവിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ തുക ചെലവഴിക്കാൻ അനുവദിക്കുന്നുണ്ടെങ്കിലും പരിമിതമായി ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് വിഹിതം ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപണി, നിഷ്കർഷിച്ച മറ്റ് പ്രവൃത്തികൾ എന്നിവക്ക് തന്നെ അപര്യാപ്തമാണെന്നിരിക്കെ കണ്ടിജന്റ് ചെലവുകൾക്ക് വകയിരുത്താൻ ആവശ്യമായ തുക തനത് ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ പഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും അപ്രകാരം ചെയ്യാത്തതിന് കാരണം വിശദമാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ച പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവു വൗച്ചറുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപന മേധാവികൾ പ്രവർത്തിക്കാത്തതാണ് അപാകതക്ക് കാരണമായത്. ചെലവു രേഖകൾ, തുകയുടെ വിനിയോഗ വിവരം എന്നിവ ഹാജരാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-35 ലൈഫ് ഭവനപദ്ധതിയിൽ ഇടമില്ല- അർഹതയുള്ള കുടുംബത്തിന് പ്രത്യേക പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി.

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്നതരത്തിലുള്ള ധനസഹായം

ഉറപ്പാക്കുകയും നിർമ്മാണം അപൂർണമായ വീടുകളുടെ പൂർത്തീകരണത്തിന് ധനസഹായം ലഭ്യമാക്കുകയും അതോടൊപ്പം ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും ലക്ഷ്യം വെച്ചുകൊണ്ടുള്ള ലൈഫ് ഭവനപദ്ധതി പ്രകാരം സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് നാളിതുവരെ 149 ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് മുഖേന ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിൽ 123 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ലൈഫ് ഭവനപദ്ധതി മാർഗ നിർദ്ദേശ പ്രകാരം ഭൂരഹിത ഭവനരഹിതരുടെയും, ഭൂമിയുള്ള ഭവന രഹിതരുടെയും എണ്ണം കുടുംബശ്രീ സർവെയിലൂടെ കണ്ടെത്തി പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുകയും തദ്ദേശ സ്വയംഭരണ തലത്തിൽ ഈ ആവശ്യത്തിനായി രൂപീകരിച്ച ലൈഫ് മിഷൻ കർമ്മസമിതി ഗുണഭോക്തൃ കുടുംബങ്ങളെ റാങ്ക് ചെയ്ത് ക്രമപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. എന്നാൽ പഞ്ചായത്തിൽ ഈ പ്രക്രിയ സുതാര്യമായ രീതിയിൽ നടന്നില്ല എന്ന് വ്യക്തമാവുന്നു. 13.1.2020 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 8 തീരുമാനം 1 പ്രകാരം ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിൽ താമസിക്കുന്ന ശ്രീമതി.നിഷ ചെറുവത്ത് മീത്തൽ, ദേവകി ചെറുവത്ത് മീത്തൽ എന്നിവർ സാമൂഹിക വിരുദ്ധർക്ക് എളുപ്പത്തിൽ അകത്ത് പ്രവേശിക്കാവുന്ന സുരക്ഷിതമല്ലാത്ത വീട്ടിലാണ് താമസമെന്നും 23.12.19ന് പ്രസ്തുത വീട്ടിൽ ഒരാൾ അതിക്രമിച്ച് കയറി നിഷ എന്നവരെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചെന്നും ആയതിനാൽ സുരക്ഷിതമായ വീട് നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കണമെന്നുമുള്ള അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്തല ജാഗ്രതാ സമിതി അംഗങ്ങൾ പ്രസിഡണ്ടിന്റ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തിയതിൽ ആർക്കും എളുപ്പത്തിൽ അകത്ത് പ്രവേശിക്കാവുന്ന വീടാണെന്ന് കണ്ടെത്തുകയും പ്രസ്തുത വീട് സുരക്ഷിതമാക്കിയില്ലെങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കാൻ ഇടയുണ്ടെന്നും കണ്ടെത്തുകയും ആയതിനാൽ പരാതികാർക്കും കുടുംബത്തിനും സുരക്ഷിതമായും ആത്മാഭിമാനത്തോടു കൂടിയും ജീവിക്കുന്നതിന് സുരക്ഷിതമായ ഒരു വീട് നിർമ്മിച്ചു നൽകുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതായും അറിയിച്ചു. ഭവനം നിർമ്മിച്ചു നൽകുന്നതിന് നിലവിൽ പുതുതായി ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് സർക്കാർ നിർദ്ദേശം ഇല്ലാ എന്ന് വി.ഇ.ഒ അറിയിച്ചതായി സെക്രട്ടറി യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇതിൽ നിന്നും നിലവിലുള്ള ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റിൽ സർക്കാറിന്റെ മുൻഗണനാ മാനദണ്ഡ പ്രകാരം ഏറ്റവും അർഹരായ പ്രസ്തുത കുടുംബം ഉൾപ്പെട്ടിട്ടില്ലെന്ന് വ്യക്തമാവുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ ഭരണസമിതി ഇക്കര്യം വിശദമായി പരിശോധിക്കുകയും പരാതിക്കാർക്കും കുടുംബത്തിനും ആത്മാഭിമാനത്തോടു കൂടി ജീവിക്കുന്നതിന് ഒരു പ്രത്യേക ഭവന പദ്ധതി രൂപീകരിക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത പദ്ധതിക്കും, ഗുണഭോക്താവിനും തുടർന്നു വരുന്ന ഗ്രാമസഭയിൽ അംഗീകാരം വാങ്ങുന്നതിനും തീരുമാനിച്ചു. ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ ഏറ്റവും അർഹതയുള്ളവരും മുൻഗണന നൽകേണ്ടതുമായ കുടുംബങ്ങൾ ഒഴിവാക്കപ്പെടുന്നില്ല എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തിയില്ല. അത് കൊണ്ട് തന്നെ മേൽ കുടുംബത്തിന് മാത്രമായി ഭവനപദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കേണ്ട അവസ്ഥ പഞ്ചായത്തിൽ സംജാതമായി. (പ്രൊജക്ട് നമ്പർ 192/19-20 പ്രകാരം സ്ത്രീ ഗൃഹനാഥയായ കുടുംബത്തിന് വീട് എന്ന പ്രോജക്ടിന് 3 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച് 40000 രൂപ അഡ്വാൻസ് ഇനത്തിൽ നൽകി). ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ മുൻഗണന നൽകി ഉൾപ്പെടുത്തേണ്ട ഇത്തരം കുടുംബങ്ങൽ ഒഴിവായി പോകാനുണ്ടായ കാരണം വിശദമാക്കുന്നതിനും ഭവന നിർമാണ പദ്ധതികൾക്ക് 400000 രൂപ വകയുരുത്താ മെന്നിരിക്കെ 300000 രൂപ മാത്രം വകയിരുത്തി അർഹതപ്പെട്ട ആനുകല്യം നൽകാത്തതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞടുത്തതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ ഇത്തരം അപാകതകൾ സംഭവിച്ചതിന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതോടൊപ്പം പ്രത്യേക ഭവനപദ്ധതി ആവിഷ്കരിച്ചപ്പോൾ ഗുണഭോക്തൃ കുടുംബത്തിന് അർഹമായ തുക വകയിരുത്താത്തതിനും കാരണം വിശദമാക്കേണ്ടതാണ്.

**1-36 ഫ്രണ്ട് ഓഫീസ് ഫർണീച്ചർ, ടോക്കൺ മെഷീൻ വാങ്ങൽ പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചു.**

പ്രോജക്ട് നമ്പർ- 165/20

വകയിരുത്തിയ തുക- 133750

ചെലവുതുക- 57310 (Order No 175/7.1.20)

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിലേക്ക് ഫർണീച്ചർ, ടോക്കൺ മെഷീൻ എന്നിവ വാങ്ങുന്നതിനും മീറ്റിംഗ് ഹാളിലേക്കും, വയോജന കേന്ദ്രത്തിലേക്കും 75 (50+25) കസേര വാങ്ങുന്നതിനും അത് വഴി സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. മേൽ പ്രോജക്ട് പ്രകാരം

കേരള ആർട്ടിസാൺസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും 3 Seated Air Port Chair 3എണ്ണം, ഫൈബർ Armless Chair 50 എണ്ണം എന്നിവ 57310 രൂപക്ക് വാങ്ങിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ലഭ്യമാക്കിയ 3 Seated Air Port Chair 3 എണ്ണം ഫ്രണ്ട് ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ അൻപത് കസേരകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിലേക്ക് ടോക്കൺ മെഷീൻ വാങ്ങുന്നതിന് മേൽ പ്രോജക്ടിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും ആയത് വാങ്ങുന്നതിന് നടപടികളൊന്നും കൈകൊണ്ടിട്ടില്ല. 20-21 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി പ്രോജക്ട് നടപ്പിലാക്കാതെ ഉപേക്ഷിച്ചതിന് കാരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് രൂപീകരണ സമയത്തുതന്നെ ആയതിന്റെ ആവശ്യകത ഉറപ്പുവരുത്താതെ രൂപീകരിക്കുന്നതാണ് ഇത്തരം അപാകതകൾക്ക് കാരണമായത്. ടോക്കൺ മെഷീൻ വാങ്ങാതെ പ്രോജക്ട് ഉപേക്ഷിക്കാനുണ്ടായ കാരണം വിശദമാക്കിയും, വാങ്ങിയ കസേരകൾ എവിടെ ഉപയോഗപ്പെടുത്തി എന്ന് വ്യക്തമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്

## ഭാഗം -2

### 2-1 വസ്തു നികുതി കണക്കാക്കിയതിലെ അപാകതകൾ - പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം

ശ്രീ.ശങ്കരൻ നമ്പൂതിരി.എ.എം, അരീക്കത്ത് മന, നടുവണ്ണൂർ എന്നവരുടെ റഗുലറൈസേഷൻ കം കംപ്ലീഷൻ അപേക്ഷ (ബി2-2914/19 Dtd 29-04-19) പ്രകാരമുള്ള വാണിജ്യകെട്ടിടത്തിന്റെ നികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് ആകെ 506.64 M2 വിസ്തീർണ്ണമുണ്ട്. ഇതിന് 7/372 A, 7/372 B, 7/372 C, 7/372 Dഎന്നീ നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിടത്തിന് നികുതി കണക്കാക്കേണ്ടിയിരുന്നത് 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന്റെ നികുതി നിരക്ക് (ച.മീറ്ററിന് 60/- രൂപ തോതിൽ) പ്രകാരമായിരിക്കേണ്ടതാണ്. എന്നാൽ മേൽ നമ്പറുകളിൽ 7/372 A, 7/372 B എന്നിവയ്ക്ക് 100 ച.മീറ്ററിന് കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് (ച.മീറ്ററിന് 40/- രൂപ തോതിൽ) നൽകിയിരിക്കുന്നത്. ഇത് പ്രകാരം പഞ്ചായത്തിന് 2019-20 മുതൽ നികുതി നഷ്ടം സംഭവിക്കുന്നു.

| കെട്ടിട നം | നികുതി | യഥാർത്ഥത്തിൽ നികുതി | നികുതി കണക്കാക്കിയതിലെ |
|---|---|---|---|

| | കണക്കാക്കിയത് | കണക്കാക്കേണ്ടത് | കുറവ് |
|---|---|---|---|
| 7/372 A<br>വിസ്തീർണ്ണം- 82.35 M2,<br>പ്രാഥമിക മേഖല,<br>വഴി -5M ൽ അധികം (20% വർധന) | 82.35 X 40 = 3294<br>20% വർദ്ധന = 659<br>ആകെ =3953/-<br>LC (5%)= 198/- | 82.35 X 60 = 4941<br>20% വർദ്ധന= 989<br>ആകെ = 5930/-<br>LC (5%)= 297/- | 1977+99 |
| 7/372 B<br>വിസ്തീർണ്ണം- 94.89 M2,<br>പ്രാഥമിക മേഖല,<br>വഴി -5M ൽ അധികം (20% വർധന) | 94.89 X 40 = 3796<br>20% വർദ്ധന = 760<br>ആകെ =4556/-<br>LC (5%)= 228/- | 94.89 X 60 = 5694<br>20% വർദ്ധന= 1139<br>ആകെ = 6833/-<br>LC (5%)= 345/- | 2277+117 |
| | | ആകെ നഷ്ടം | 4254+216(LC) |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/19-20 Dtd 14-01-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കിയതിലെ അപാകത പരിഹരിക്കേണ്ടതും പുതുക്കിയ ഡിമാന്റ് നോട്ടീസ് കെട്ടിട ഉടമയ്ക്ക് നൽകി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 06-01-2022 മുതൽ 15-1-2022 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ് | 346500 | 3500 |
| | 2019-20 | 920000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മാണം (ജനറൽ) | 920000 | 0 |
| | 2019-20 | 100000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മാണം (എസ്.സി) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 85858 | മിൽക്ക് ഇൻസെന്റീവ് വനിത | 85858 | 0 |
| | 2019-20 | 165000 | ക്ഷീരഗ്രാമം | 165000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ് | 320000 | 30000 |
| | 2019-20 | 30000 | നെൽകൃഷി കൂലി ചെലവ് | 247500 | 52500 |
| | 2019-20 | 85858 | മിൽക്ക് ഇൻസെന്റീവ് | 85858 | ○ |
| | 2019-20 | 960000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മാണം (ജനറൽ) | 960000 | 0 |
| | 2019-20 | 70000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മാണം (എസ്.സി) | 70000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലസേചന | പുതുശ്ശേരിത്താഴെ | ബിൽ നം. | 600000 | യു.സി | |

| | | | | | |
|---|---|---|---|---|---|
| വകുപ്പ് | ചാലിപ്പള്ളി റോഡ് | 46/20 തീ. 20-03-2020 | | കിട്ടിയിട്ടില്ല | |
| ജലസേചന വകുപ്പ് | കാവുംതറ സ്കൂൾ പുതുശ്ശേരി താഴെ റോഡ് | വൗച്ചർ നം . 21901096 Dt 27-02-2020 | 385613 | യു.സി കിട്ടിയിട്ടില്ല | |
| കെ.എസ്. ഇ.ബി | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | ബിൽ നം. 21/18-19 തീ. 18-11-2019 | 163554 | യു.സി കിട്ടിയിട്ടില്ല | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (കെ.യു.ആർ. ഡി.എഫ്.സി) | സ.ഉ.27/19, തീയ്യതി 22/2/2019 | 2456020 | 17973980 | 1352941 | 0 | 19077059 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1730254 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| പലിശ വരവ് | 138420 |
| ആകെ | 1868674 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1868674 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|
| കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ | ലഭ്യമല്ല | ലഭ്യമല്ല | 1868674 |
| ആകെ | | | 1868674 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | Para 2 -(9) | 27405 | സുമിത്ത് | 119040100989 Dtd 03/07/2019 |

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | പൊതു പരാമർശം | കാലഹരണപ്പെട്ട നികുതി |

| | | | | |
|---|---|---|---|---|
| | | | -7 | കുടിശ്ശികയുടെ വിവരം |
| 1999-00 | 35 | 2003-04 | പൊതു പരാമർശം -5 | വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതു പരാമർശം -3 | നികുതിപിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു |
| 1999-00 | - | 2003-04 | മറ്റ് പരാമർശം- 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| 2000-01 | - | 2003-04 | മറ്റ് പരാമർശം - 11.14 | ചെങ്ങോട്ടുപാറ - കിഴക്കോറ്റ കടവ് റോഡ് |
| 2000-01 | - | 2003-04 | മറ്റ് പരാമർശം - 11.14 | എൽ.പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2008-09 | 3-9 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക് - കാലതാമസം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2018-19 | 2-7 | 2017-18 | | വാണിജ്യ കെട്ടിട പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1997-98 | 30, 32, 33 | എം.സി.ചന്ദ്രൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് LF2169/ സ്പെ.സെൽ/ എസ്. സി14/01/ 01.8.02, | 9531 | | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70821147 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68806397 |
| വരവിനങ്ങളിലുള്ള നഷ്ടം | 4254 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 168918 |

(ബി) ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 4254 | ഷിജു.എൽ.എൻ (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 35700 | ഡോ.ദീപ്തി.എസ് (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) |
| 1-27 | 30460 | ഡോ.ദീപ്തി.എസ് (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) |
| 1-29 | 80258 | ഷിജു.എൽ.എൻ സെക്രട്ടറി |
| 1-30 | 22500 | ഗ്രേഷ്യൻ.പി.ടി (വി.ഇ.ഒ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഇനം |
|---|---|---|
| 1-10 | 216 | ഗ്രന്ഥശാലാവരി |
| 1-33 | 4500 | ഗ്രന്ഥശാലാവരി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം (ഓഡിറ്റ് നടക്കുന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| 1-10 | സെക്രട്ടറി,<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | ഷിജു.എൽ.എൻ<br>സെക്രട്ടറി,<br>പുതുക്കുടി വീട്,<br>പനങ്ങാട് പി.ഒ, 673616 |
| 1-25 | (മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി), നടുവണ്ണൂർ | ഡോ.ദീപ്തി.എസ്<br>(മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി),<br>അനുഗ്രഹ, കല്ലുമല,<br>ചോമ്പാല, വടകര, 673308 |
| 1-27 | (മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി), നടുവണ്ണൂർ | ഡോ.ദീപ്തി.എസ്<br>(മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി),<br>അനുഗ്രഹ, കല്ലുമല,<br>ചോമ്പാല, വടകര, 673308 |
| 1-29 | സെക്രട്ടറി,<br>പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | ഷിജു.എൽ.എൻ<br>സെക്രട്ടറി,<br>പുതുക്കുടി വീട്,<br>പനങ്ങാട് പി.ഒ, 673616 |

| | | |
|---|---|---|
| 1-30 | ലഭ്യമല്ല | ഗ്രേഷ്യൻ.പി.ടി (വി.ഇ.ഒ),<br>വടക്ക് കുട്ടോത്ത്,<br>കുന്നത്തറ പി,ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10/ 236/12(6)/06.03.12 | 5 | 26, 28, 30, 32, 33 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(2)/02.06.12 | 2 | 51,54 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(3)/02.06.12 | 3 | 31, 34, 35 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(4)/02.06.12 | 2 | 8,11 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(1)/30.08.14 | 2 | 2-1, 3-7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(5)/02.06.12 | 1 | 3-8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(6)/02.06.12 | 1 | 3-6 |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(8)/02.06.12 | 5 | 3-1, 3-6, 3-7, 3-15, 3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(2)/30.08.14 | 9 | 2-1, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(3)/30.08.14 | 8 | 2-3, 3-1, 3-3, 3-5, 3-6, 3-7, 3-10, 3-11 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(4)/30.08.14 | 23 | 2-8, 2-10, 2-12, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14 A, 3-14 B, 3-15, 3-16 A, 3-16 B, 3-19, 3-22, 3-23, 3-24, 3-25, 3-28, 3-29. |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/ 855/13/18.07.13 | 18 | 2-5,2-6,2-7,2-8, 2-9, 2-10, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9,3-10, 3-13, 3-15, 3-16, 3-18, 3-22, 3-23, 3-25, 3-26, |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/ 11117/14/30.12.14 | 20 | 1-5, 1-6, 2-1, 2-3, 2-4, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17. |
| 2012-13 & 2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10/ 2138/15/19.12.15 | 16 | 2-2, 2-3, 3-1, 3-2, 3-3, 3-7, 3-8, 3-6, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10/ 1055/16/15.06.16 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.10/ 2045/16/21.11.16 | 19 | 2-1, 3-1 മുതൽ 3-9 വരെ, 3-11 മുതൽ 3-18 വരെ |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.10/ 1946/17 തീയതി16.02.2018 | 9 | 2-1(4), 3-3, 3-4, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.10/ 911/19 തീയതി26.07.2019 | 9 | 2-5, 2-6, 2-7, 2-9, 3-1(1), (3),(4), 3-2, 3-5, 3-6,3-8 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/ 1263/20 തീയതി27-01-2021 | 13 | 1-6(1,5), 1-8(a), 1-10 (3, 4, 5, 6), 1-11, 1-12, 1-13, 1-14, 1-18, 1-19, 1-21, 1-22, 1-24, 1-27 (1,2,4) |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്